„Indische Zeitung." v. J. Lahin Rebelay

പശ്ചിമൊദയം

നമ്പ്ര ഒന്നു | ൨ പൈസവില

൧ാം നമ്പ്ര | തലശ്ശെരി | ൧൮൪൭. ഒക്തൊബ്ര

വെളിച്ചം പൂൎവ്വദിക്കിൽനിന്നു മാത്രമല്ല പശ്ചിമത്തിൽനിന്നും വരുന്നതു പ്രത്യക്ഷം തന്നെ — ഈ കെരളം ദൈവവശാൽ ഇങ്ക്ലിഷ്കാൎക്കു അധീനമായി വന്നതിനാലൊ ഈ നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറിൽനിന്നു ഇങ്ങൊട്ടു കടന്നു വരുവാൻ ഒരു പാലം ഉണ്ടായിരിക്കുന്നു — ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും കൂടി കെ വിലാത്തിയിൽ നടക്കുന്നവ പലതും ഉണ്ടു — രണ്ടു വകെക്കും തമ്മിൽ വളരെ ഭെദം ഉണ്ടു താനും — പരമാത്മാ ജീവാത്മാക്കൾ തുടങ്ങിയുള്ള മതസ്വൊപദെശങ്ങളെ ധ്യാനിച്ചു ഒരൊന്നു കാരുണ്ടാക്കി ദിവ്യശ്ലൊകങ്ങളെ ഉചമെച്ചു വിദ്വാന്മാരെ അറിയിക്കുന്നതു ഇന്ത്യ ജ്ഞാനത്തിൽ മൎയ്യാദ തന്നെ — കാലദെശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചിട്ടു കുട്ടികളുടെ ഉപകാരത്തിന്നായി ഗദ്യമായി പറയുന്നതു വിലാത്തി ജ്ഞാനത്തിന്റെ ലക്ഷണം അത്രെ — ഈവക വായിപ്പാൻ ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തൊറും വിലാത്തി ശാസ്ത്രങ്ങളിൽനിന്നു പറയുന്നതു ഒരൊന്നു എടുത്തു ഇതിങ്കൽ കാണിച്ചു മാതിരിയായി മലയാളികൾക്കു തൊന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ളവൎക്കു അയക്കുകയും ചെയ്യും — വില ഒരു വൎഷത്തിന്നു അരരൂപ്പിക —

ജ്യൊതിഷവിദ്യ

സൎവ്വശാസ്ത്രങ്ങളിലും സകല കാൎയ്യജ്ഞാനങ്ങളിലും പ്രധാനമാകുന്നു എന്നു ഈ രാജ്യക്കാർ പലരും പറയുന്നു — ജ്യൊതിസ്സെന്നതു വെളിച്ചം തന്നെ — ജ്യൊതിഷമൊ കണ്ണാലെ കാണുന്ന ഗ്രഹങ്ങൾ മുതലായ വാനമീനുകളുടെ അറിവാകുന്നു — അതല്ലാതെ

സൎവ്വാവണ്ണം നല്കും താരകാധിപൻ നൂനം
സൎവ്വശൊകങ്ങളെയും കളയും ദിനാധിപൻ

എന്നൊരു പാട്ടിൽ കെൾക്കുന്നതു പൊലെ പണ്ടു പലരാജ്യക്കാരും ഒരൊരൊ ഗുണദൊഷങ്ങൾ മനുഷ്യൎക്കു വരുന്നതു നക്ഷത്രങ്ങളുടെ കടാക്ഷബലത്താൽ തന്നെ എന്നു നിശ്ചയിച്ചു

ക്കുന്ന രാശികളിൽ കാലെ ഗ്രഹനക്ഷത്രാദിസ്ഥിതി കൊണ്ടും ഗ്രഹചാരഭെദം കൊണ്ടും വെ
വ്വെറെ അനുഭവങ്ങൾ കാണും എന്നു സങ്കല്പിച്ചും ഗ്രഹങ്ങളും ധൂമകെതുക്കളും കണ്ടു
വരുമെ പെടിച്ചും ഇരിക്കുന്നു — ആ വിദ്യ എന്നാ ഇന്ന അന്വെഷണം കഴിച്ചവർ എല്ലാവ
രും ജ്യൊതിഷത്താൽ വരുന്ന ഇങ്ങിനെ കാഭാവിജ്ഞാനം വ്യർത്ഥം അത്രെ എന്ന കണ്ടിരി
ക്കുന്നു — അതുകൊണ്ടു സുബുദ്ധിയുള്ള ജ്യൊതിഷക്കാർ അപ്രകാരം ഒന്നും നിരയാതെ
കണ്ണിനാലും ഗണിതത്താലും കഴിയുന്നെടത്തൊളം ജ്യൊതിസ്സുകളുടെ അവസ്ഥ എ
ന്തെന്നു വിചാരിക്കുന്നുള്ളു —

വെള്ളക്കാർ കണ്ണിന്നു തുണ വെണം എന്നു വെച്ചു കണ്ണാടിക്കുഴലുകളെ ഉണ്ടാക്കി വലെ
ടുത്തും രാപ്പകൽ നിത്യം വാനം നൊക്കി കൊണ്ടു ഒരൊ പുതുമകളെ കണ്ടറിഞ്ഞിരിക്കുന്നു.
സൂര്യനെ ചുററി ചെല്ലുന്ന ഗ്രഹങ്ങൾ ഇപ്പൊൾ ൧൧ എന്നു തൊന്നുന്നു — മുമ്പെ വെള്ള
ക്കാർ ൬ ൭ എന്നു പറയും — കഴിഞ്ഞ കാലത്തിലൊ കുഴൽ കൊണ്ടു ൨ പുതുതായി ക
ണ്ടിരിക്കുന്നു — കണ്ണിന്റെ ശക്തിയാ വിവരവും അതിന്നു ആകുലമാകുന്ന കുഴലിന്റെ പ്ര
യൊഗവും പഠിപ്പിക്കുന്നതു ദൃഷ്ടിവിദ്യ തന്നെ — പിന്നെ ഗണിതത്തെയും ത്രികൊണ
വിദ്യയെയും നിരന്തരം ശീലിക്ക കൊണ്ടും ഒരൊരൊ പുതിയ ക്രിയകളെ പരീക്ഷിച്ചി
ട്ടു കണ്ട ജ്യൊതിസ്സുകളുടെ വലിപ്പവും അവററിന്നു സൂര്യനിൽ നിന്നുള്ള ദൂരവും അവ
ററിൽ ചലനക്രമവും ഇങ്ങിനെ സവിശെഷങ്ങളെ അധികമധികം നിശ്ചയിച്ചു പൊരു
ന്നു — ഇങ്ങിനെ ദൃഷ്ടിവിദ്യയിലും ഗണിതത്തിലും അഭ്യാസം തികഞ്ഞവരാൽ ജ്യൊതി
ഷജ്ഞാനത്തിന്നു വർഷം തൊറും പുഷ്ടി വർദ്ധിച്ചു വരുന്നു —

അതിനാൽ എന്തു ഉപകാരം — എന്നാൽ വർഷം അയനം മാസം രാപ്പകൽ മുതലായ കാല
ഭെദങ്ങളുടെ സൂക്ഷ്മം നല്ലവണ്ണം അറിഞ്ഞു വരുന്നു — ഇതു ഒന്നു — സമുദ്രത്തിൽ കടവഴി
നിശ്ചയം വരുന്നതു മറെറാന്നു — പൂർവ്വത്തിൽ കര വിട്ടു കടൽ വഴിയായി പൊവാൻ വള
രെ വിഷമമാകിരുന്നു — ഇപ്പൊൾ ഗ്രഹങ്ങളും നക്ഷത്രങ്ങളും ഇന്ന കാലത്തു ഇന്നിന്ന ദി
ക്കുകളിൽ നില്ക്കുന്നു എന്നറിക കൊണ്ടു കപ്പല്ക്കാർ എത്ര ദ്വീപുകളിലെക്കും ഓടുന്ന വഴിയെ
സ്വദെശത്തിൽ എന്ന പൊലെ നിശ്ചയിക്കുന്നു — സായ്പുമാർ ൩ ൪ മാസം സമുദ്രമദ്ധ്യ
ത്തൂടെ ഓടുന്ന സമയത്തു ദിവസെന ഉച്ചെക്കു ഇപ്പൊൾ ഇന്നദിക്കിൽ ആകുന്നു എന്നും പൊ
കെണ്ടും സ്ഥലത്തെക്കു ഇനി ഇത്ര ദൂരം ഉണ്ടെന്നും ജ്യൊതിഷവിദ്യായുക്തിയാൽ കണ്ടുപി

രമായിതിരിയുന്നു-

ഇതിൽ പിന്നെ മാസത്തൊറും ക്രമത്താലെ സൂൎയ്യനെയും ബുധൻ മുതൽ ൫ ഗ്രഹങ്ങളെയും അതാതൊടു ചെൎന്ന ചന്ദ്രാദി ഉപഗ്രഹങ്ങളെയും വിവരിക്കും.

കെരളപഴമ-

൧. പറങ്കികൾ മലയാളത്തിൽ വന്ന പ്രകാരം പറയുന്നു-

കൊല്ലം ൬൭൩ ഇടവമാസം ൮ാം തിയ്യതി (൧൪൯൮ ആമത് മെയി ൨൦) ആയ ഞായറാഴ്ച തന്നെ കൊഴിക്കൊട്ടുനിന്നു തെക്കൊട്ടു മീൻ പിടിപ്പാൻ പൊയ ചില മുക്കുവർ ൪ കപ്പൽ പടിഞ്ഞാറെ ദിക്കിൽനിന്നു വന്നു നങ്കൂരം ഇടുന്നതു കണ്ടു മീൻ വില്പാൻ അടുത്തപ്പൊൾ ഒരിക്കലും കാണാത്ത വെഷവും ഭാഷയും വിചാരിച്ചു വളരെ അതിശയിച്ചു- കപ്പലിൽ ഒരു മാലുമി ഉണ്ടു അവൻ ഗുജരാത്തി കണക്കൻ തന്നെ- മഴക്കാലം സമീപിച്ചല്ലൊ അറവിക്കപ്പൽ എല്ലാം പൊയ്ക്കഴിഞ്ഞു ഇപ്പൊൾ വരുന്നത് എവിടെനിന്നു വരുന്നു എന്നു ചൊദിച്ചതിന്നു കാപ്പിരികൾ വസിക്കുന്ന മെലിന്ത ബന്തരിൽനിന്നു ഞങ്ങൾ വെള്ളക്കാർ വരുന്നതു കണ്ടു ഹിന്തുരാജ്യത്തിൽ പൊകെണ്ടു ഇരിക്കുന്നവർ എന്നും വഴി അറിഞ്ഞു കൂടാ എന്നും പ്രത്യേകം ചൊല്ലുകകൊണ്ടു കൊഴിക്കൊട്ടിലെക്ക ചെന്നു കച്ചവടം തുടങ്ങെണം എന്നും വെച്ചിട്ടു വഴി ഇടത്തിൽ ഇരിക്കുന്നു എന്നു ചുരം കണ്ടപ്പൊൾ അവർ വടച്ചവനെ സൂക്ഷിച്ചു പാടി എത്തിക്കനല്ലെ ഞാൻ തന്നെ ഇരിക്കുന്നു എന്നു പറഞ്ഞു കൊഴിക്കൊട എവിടെ എന്നു ചൊദിച്ചതിന്നു ഇരിപ്പെട്ടത്തൊടു ബന്തരിൽ വരികയും ചെയ്തു- അനന്തരം കപ്പിത്താൻ മാലുമിയെയും ഒരു പറങ്കിയെയും കരക്കയച്ചു- ഇവരും പൊക്കി എറിയ ആളുകളെ കടപ്പുറത്തു കണ്ടു എങ്കിലും ഭാഷ അറിയുന്നവൻ ആരും ഇല്ല- മാപ്പിള്ളമാർ അവരെ അങ്ങാടികളിൽ കടത്തി പരദെശി കച്ചൊടക്കാരുടെ മാളികകളെയും പീടികകളെയും കാട്ടുമ്പൊൾ മൂസവിലാത്തിക്കു പൊയ ഒരു തുൎക്കൻ എതിരെറ്റു വെഷം കണ്ടറിഞ്ഞു പൊൎത്തുഗൽ ഭാഷയിൽ എന്തൊരു ശൈത്താൻ നിങ്ങളെ ഇവിടെ കൊണ്ടു വന്നു എന്നു ചൊദിച്ചപ്പൊൾ പറങ്കി- ഞങ്ങളുടെ രാജാവ് മുളക്കുമുതലായ മലയാളദ്വീപിന ചരക്കുകളെയും അന്വെഷിപ്പാൻ അയച്ചിരിക്കുന്നു- അത്ര തന്നെ ക്രിസ്ത്യാണികൾ ഈ നാട്ടിലും ഉണ്ടു എന്നു കെട്ടു ക്രിസ്തുമാൎഗ്ഗം നിമിത്തം ചെയ്വെണം എന്നു നിശ്ചയിച്ചു അതിനായി

വന്നിരിക്കുന്നത് എന്നറികിച്ചാറെ ഉത്തക്കൻ അപ്പവും തെനും കൊട്ടു സല്ക്കരിച്ചു കൂട
യെന്നു കപ്പലിൽ കയറി എല്ലാവൎക്കും ബൊധ്യവന്നു എന്നവാക്കു വിളിച്ചു സലാം ചെ
യ്തപ്പൊൾ പറങ്കികൾ ഭാഷ അറിയുന്ന ഒരാളെ കിട്ടി എന്നു സന്തൊഷിച്ചു കാരണ്ണൊ-തുരൂ
ഹം കപ്പിത്താനൊടു സംസാരിച്ചു കാൎയ്യം സാധിപ്പാൻ ദുർബാധിക്കു കിസെമിക്കും എന്നു
സത്യവും ചെയ്തു- താമൂതിരി സാധുവാകുന്നു പ്രാപ്തിമാത്രം പൊരാ കൊവിലകത്തു പ്രാ
മാണക്കു പ്രാധാന്യം പട്ടണത്തിലും ബന്തറിലും മുസല്മാനരാകുന്ന മാപ്പിള്ളമാൎക്കും അറ
വിപാസിത്രക്കു മുതലായ പരദെശികൾക്കും ആധിക്യം ഉണ്ടു ചീനത്തൊടും മക്കത്തൊടും
അകന്നില്ലാത്ത കച്ചവടം നടക്കുന്നു മഴക്കാലം തീരുമ്പൊൾ വിവസെന പത്തുനൂറു കപ്പ
൫൦. ൧൫. തന്നെ രാജാവിന്നു വരവിൽ പ്രധാനം — ആ ... കൊണ്ടു നിങ്ങൾ
ലും പടകും വന്നു വ്യാപാരം ചെയ്യുന്നതിൽ താമൂതിരിക്കു രസം തൊന്നും — മാപ്പിള്ളമാ
ൎക്കു അസൂയ ഉണ്ടായാലൊ രാജാവും നിങ്ങളെ വിരൊധിക്കും അവൻ ഇപ്പൊൾ പൊ
ന്നാനിയിൽ ഇരിക്കുന്ന വെഗം ആളെ അയക്കേണ്ടു ഇരിക്കുന്നു- ഇങ്ങിനെ എ
ല്ലാം കെട്ടാറെ കപ്പിത്താൻ ൨ പറങ്കികളെ അയച്ചു- മാനവെൽ എന്ന പൊൎത്തു
ഗാൽ രാജാവ് നിങ്ങളുടെ കീൎത്തി കെട്ടു തിരുമുമ്പിൽ എത്തുവാൻ കല്പിച്ചു കത്തുക
ളെയും എഴുതി തന്നു എപ്പൊൾ വന്നു കാണാം എന്നു അപെക്ഷിച്ചാറെ താമൂതിരി
വൎത്തമാനം അറിഞ്ഞു മഴക്കാലത്തിന്നു മുമ്പിൽ കപ്പൽ പന്തലായിനി കൊല്ലത്ത
ആക്കെണം എന്നും കൊഴിക്കൊട്ടു വന്നാൽ കാണാം എന്നും ഉത്തരം അയച്ചു- അപ്ര
കാരം തന്നെ ഗാമ കപ്പിത്താൻ ചെയ്തു പന്തലായിനി മുഖത്തു നങ്കൂരം ഇട്ടുകയും
ചെയ്തു—

൨. ഗാമ താമൂതിരിയെ കണ്ട പ്രകാരം—

ഇടവം ൨൭ തിങ്കളാഴ്ച കൊത്തുവാളും ൨൦൦ നായന്മാരും പന്തലായിനിക്കു വന്നപ്പൊ
ൾ ഗാമ കപ്പിത്താൻ പറങ്കി മൂപ്പന്മാരുമായി വിചാരിച്ചു- ഞാൻ പൊയി രാജാവെ
കാണും ആപത്തുണ്ടായാൽ നിങ്ങൾ ഒട്ടും പാൎക്കാതെ ഉടനെ നങ്കൂരം എടുത്തു പൊൎത്തുഗ
ലിൽ ഓടി മലയാളത്തിലെ വഴി അന്വെഷിച്ചു കണ്ട പ്രകാരം എല്ലാം അറിയിക്കെ
ണം എന്നു കല്പിച്ചു വസ്ത്രാലങ്കാരങ്ങളെ ധരിച്ചു വെടി വെച്ചു കൊടി പറപ്പിച്ചു ൧൨
പറങ്കികളൊടും കരെക്ക് ഇറങ്ങി— അനന്തരം നായന്മാർ എതിരെറ്റു വണങ്ങി തണ്ടി
ൽ കരെറി എല്ലാവരും ഘൊഷിച്ചു നടയായി പുറപ്പെട്ടു കാപ്പുകാട്ടെ അതിസല്ക്കാരം

വാങ്ങി അനുഭവിച്ചതിന്റെ ശെഷം ചങ്ങാടത്തിൽ കയറി പുഴവഴിയായി ചെല്ലുമ്പൊ
ൾ രണ്ടുപുറവും അനെകം വലിയ പടവുകൾ കരെക്കു വലിച്ചു ഓലമെഞ്ഞു നില്ക്കുന്നത്
കണ്ടുകഴിഞ്ഞു മറ്റു തണ്ടുകളിൽ കയറി മഹാപുരുഷാരമദ്ധ്യത്തൂടെ ചെന്നു ഒരു മതില
കത്തു എത്തുകയും ചെയ്തു- അതിൽ വലുതായിട്ടുള്ള ഒരു ചെമ്പുതൂണും അതിന്മീതെ
ചമ്പുകൊഴിയും പ്രവെശത്തിൽ ൭ മണികൾ തൂങ്ങുന്നതും കണ്ടു- ബ്രാഹ്മണർ എതിരെ
റ്റു കപ്പിത്താൻ മുതലായവരുടെ മെൽ വെള്ളം തളിച്ചു തീർത്ഥവും പ്രസാദവും കൊടു
ത്തു- കപ്പിത്താൻ ഇതു വല്ല മഹാദെവനെന്നു വിചാരിച്ചു തന്റെ മെൽ തൊട്ടുപിന്നെ തൈ
മെൽ തെപ്പാൻ വസ്ത്രം നിമിത്തം സമ്മതിച്ചതും ഇല്ല- ക്ഷെത്രത്തിൽ പൊകിക്കൊണ്ടു
വാൾ സാഷ്ടാംഗം വീണപ്പൊൾ അവരും മുട്ടുകുത്തി നമസ്കരിച്ചു- നാലു കൈ തുമ്പിക്കൈ
പല്ലും മറ്റും ബീഭത്സരൂപങ്ങളായ ബിംബങ്ങളെ കണ്ടാറെ ഒരുവൻ ഇതു ദൈവം
അല്ല പിശാചുരൂപമാകിയിരിക്കും എന്റെ നമസ്കാരം സത്യദൈവത്തിന്നായിട്ടത്രെ എന്നു
സ്വഭാഷയിൽ പറഞ്ഞത് കെട്ടു കപ്പിത്താൻ ചിരിച്ചെഴുനീറ്റു- അവിടെനിന്നു പുറ
പ്പെട്ടു രാജധാനിയിൽ എത്തിയപ്പൊൾ മറെറാരമ്പലത്തിൽ പ്രവെശിച്ചു ഭഗവതി
യെ കന്യാമറിയ എന്നു വിചാരിച്ചു വന്ദിച്ചു കാഹളം നടവെടി മുതലായ ഘൊഷ
ത്തൊടും കൂട മതിലകത്തു ചെന്നു- അതിന്നു നാലു കന്മതിലുകളും ഒരൊ ഗൊപുരങ്ങ
ളിൽ ൧൦൦. ൧൦൦ കാവല്ക്കാരും ഉണ്ടു- കമ്മാർ പണിക്കർ മെനൊക്കി മുതലായ സ്ഥാ
നികൾ അനവധി ഇല്ലും- കാവല്ക്കർ പുരുഷാരത്തെ നീക്കുമ്പൊൾ ഇടിക്കും തിരക്കും
കൊണ്ടു ചിലർ മരിച്ചു- നാലാം പടിവാതുക്കൽ ഭട്ടതിരിപ്പാട് എതിരെറ്റു കപ്പിത്താ
നെ ആശ്ലെഷിച്ചു വലകൈ പിടിച്ചു ആസ്ഥാനമണ്ഡപത്തിൽ തിരെക്കകത്തു പ്ര
വെശിപ്പിച്ചു- അതിൽ പച്ചപ്പടം വിരിച്ചതും പലദിവ്യാംബരങ്ങൾ വിതാനിച്ചതും
ചുറ്റുമുള്ള ഇരുത്തിപ്പലകമെൽ മന്ത്രികൾ ഇരിക്കുന്നതും നടുവിൽ കട്ടിലിന്മെൽ കുന്ന
ലക്കൊനാതിരി രാജാവ് കിടക്കുന്നതും കണ്ടു- അവൻ വൃദ്ധൻ വലകൈയിൽ ൧൦ ര
ത്നമയമിരചങ്ങല ഇട്ടതിന്നാൽ ഒരാൾ കൈ താങ്ങെണ്ടതായിരുന്നു- കെശബ
ന്ധത്തിന്മീതെ മുടി അണിഞ്ഞതും കാതുസ്വർണ്ണാലങ്കാരം കൊണ്ടു ചുമലൊളം തൂങ്ങു
ന്നതും അരയിൽ സ്വർണ്ണപട്ടികലസ്സുടഞ്ഞാൺ ധരിച്ചതും കണ്ടു- രണ്ടു ഭാഗത്തും വെറ്റി
ലത്തളികയും പൊൻ കൊളാമ്പിയും പൊൻ കിണ്ടിയും വെച്ചിരുന്നു- മന്ത്രികൾ എഴുനീറ്റു

വാഴിപൊയിരിക്കുമ്പോൾ കപ്പിത്താൻ തിരുമുമ്പിൽ ചെന്നു വട്ടം തൊഴുതു - രാജാ
വ് ആശ്ചര്യസംഗതി നിമിത്തം അവരെ ഉടനെ പല സന്തുഷ്ടവാക്കുകൾ കല്പിച്ചു ശെ
ഷം പനസവും വരുത്തി കൊടുത്താറെ അവർ ഭക്ഷിക്കുന്നത് കണ്ടപ്പോൾ ചിരിച്ചു
അവർ അണ്ണാന്നു വെള്ളം കുടിച്ചാറെ വെള്ളം തരമൂക്കിൽ പൊയതിനാൽ രാജാവ്
അധികം ചിരിച്ചു - അനന്തരം വർത്തമാനം അന്വെഷിച്ചപ്പോൾ പൊർത്തുഗൽ രാജ്യം
ഇവിടെനിന്നു പടിഞ്ഞാറുവടക്കായി യുരൊപരാജ്യങ്ങളുടെ ഒടുക്കത്തിൽ തന്നെ ഇരി
ക്കുന്നു - മുസല്മാനർ മിസ്രവഴിയായി കൊണ്ടുപൊകുന്ന മുളകും മിനച്ചരക്കുകളും ഞങ്ങ
ൾ വളരെ വിലെക്ക വാങ്ങിവരുന്നതാകകൊണ്ട് ഞങ്ങളുടെ രാജാവ് ആഫ്രിക്കഖണ്ഡത്തി
ന്റെ ചുഴിയിലും ഓടി മലയാളത്തിൽ പൊകിക്കൊള്ളുവടം ചെയ്തുവരാമൊ എന്നു ഭാവിച്ചു പല
പ്പൊഴും കപ്പല്ക്കാരെ നിയൊഗിച്ചിരിക്കുന്നു - ഒടുക്കം ൧൦ മാസത്തിനു മുമ്പെ എന്നെ
അയച്ചപ്പോൾ ദൈവകടാക്ഷത്താൽ ഈ വിഷമയാത്ര സാധിച്ചിരിക്കുന്നു - രാജാവ്
ഞങ്ങൾക്ക അറവിഭാഷയിൽ എഴുതിയ കത്ത് ഇതാ എന്നു പറഞ്ഞു കൊടുത്താറെ
രാജാവ് വാങ്ങി ഇല്ല - ഇപ്പൊൾ സമയം ഇല്ല വന്നത് സന്തോഷം തന്നെ മുസല്മാനരുടെ
വീട്ടിൽ പാർക്ക എന്നു കല്പിച്ചാറെ വെദം നിമിത്തം ഇടച്ചിലിനു സംഗതി ആകകൊണ്ടും
പാക്കറിഞ്ഞു കൂടായ്കകൊണ്ടും ഒരുമിച്ചു പാർക്കുന്നത് നന്നല്ല വെറെ പാർത്താമല്ലൊ എന്നറി
യിച്ചപ്പോൾ താമൂതിരി സമ്മതിച്ചു അവർ രാത്രിയിൽ വെരുമാരിയിൽ തന്നെ പട്ടണത്തി
ൽ എത്തി നല്ല വീട്ടിൽ കരെറി പാർക്കും ചെയ്തു -- അനന്തരം ത്രക്കൻ ഇവിടെ സ്ഥാ
നം സകലത്തിലും പ്രധാനമല്ലൊ എന്തു വെക്കാറിരുന്നു എന്നറിയിച്ചാറെ കപ്പിത്താ
ൻ തിരുമുല്ക്കാഴ്ചെക്കായി വില ചരക്കുകൾ ഒരുക്കി അയച്ചു സ്വരാജ്യം വിട്ടു പൊകുമ്പോൾ
ഇവിടെ എത്തും എന്നറിഞ്ഞില്ലായ്കയാൽ ഇരുന്നതു കൊണ്ടു യൊഗ്യമായ കാഴ്ചെക്കു സംഗ
തി വന്നില്ല എന്നു ബൊധിപ്പിച്ചു മന്ത്രികൾക്കും വില തരം അയച്ചു കൊടുപ്പിക്കയും ചെയ്തു -

ഭൂമിശാസ്ത്രം

ഒന്നാം ഖണ്ഡം

ഗണിതങ്ങളും ഭൂമ്യാകൃതിവിശേഷങ്ങളും

൧. നക്ഷത്രഭേദങ്ങൾ

അളവില്ലാത്ത ആകാശമാർഗ്ഗത്തിൽ അനെക പ്രകാശമണ്ഡലങ്ങൾ ഉരുണ്ടിരിക്കുന്ന പ്രകാ

രംതൊന്നുന്ന അവററിൽ മുന്തിനില്ക്കുന്ന സൂൎയ്യൻ ചന്ദ്രൻ ഭൂമി വാൽനക്ഷത്രങ്ങൾ ഇവയുടെ പ്രത്യേകാവസ്ഥ കൾഉണ്ടു ശെഷം സൎവ്വത്തിന്നും നക്ഷത്രങ്ങൾ എന്ന പറയുന്ന ഗോളങ്ങൾ കാണിക്കുന്ന സ്ഥിതിപ്രമാണം എന്നു പറവാൻ സംഗതി ഇല്ല ഒരൊന്നിന്നു ആകാശമാൎഗ്ഗങ്ങളുടെ നിയമെന ഭ്രമണസഞ്ചാരങ്ങളുമുണ്ടു ഇതിന്റെ വിശെഷങ്ങളെ സംക്ഷെപിച്ചു പറയാം —

൧. നക്ഷത്രസഞ്ചാരങ്ങൾ

ജ്യോതിശ്ശാസ്ത്രികൾ കണ്ണാടികൾ മുഖെന ആകാശമാൎഗ്ഗത്തിൽ നോക്കി നക്ഷത്രങ്ങളുടെ സഞ്ചാരവും വലിപ്പവും അല്പം സൂക്ഷിച്ചു പറയുന്നു. സൎവ്വാകാശമണ്ഡലങ്ങൾക്കും ഒരു മദ്ധ്യസ്ഥമുണ്ടു സ്ഥിരനക്ഷത്രങ്ങൾ എന്ന പെരായ പ്രകാശഗോളങ്ങൾ ആസ്ഥാനത്തെ ഏറെയും ദൂരത്തിന്ന സമവൃത്തവഴിയായി ചുററി സഞ്ചരിക്കുന്ന എങ്കിലും ആ മണ്ഡലങ്ങളുടെ വിസ്താരവും ദൂരതയും കൊണ്ടും അവ ചെല്ലുന്ന വട്ടത്തിന്റെ ദീൎഘം നിമിത്തവും ഏകഭ്രമണത്തിന്ന അനെകായിരം ആണ്ടു വെണ്ടിവരുന്ന. പല ഗ്രഹങ്ങളും സ്ഥിരനക്ഷത്രങ്ങളെ ചെന്നു പ്രദക്ഷിണം വെച്ചു അവററിന്റെ തെജസ്സിനാലെ പ്രകാശിക്കുന്നു ചിലതിന്നു സഹഗാമികളായ ഉപഗ്രഹങ്ങളുമുണ്ടു ഇങ്ങിനെ ആകാശമാൎഗ്ഗത്തിൽ ഒരൊ സ്ഥിരപ്രമാണപ്രയാണങ്ങളെയും കാണുന്നു —

൨. സൌൎയ്യസംസ്ഥിതി

ഒരു സ്ഥിരനക്ഷത്രത്തിന്റെയും അതിനെ ചുററി ഭ്രമിക്കുന്ന ഗ്രഹങ്ങളുടെയും സംബന്ധത്തിന്നു സൌൎയ്യസംസ്ഥിതി എന്ന പെർ പറവു. ഇങ്ങിനെ വകകൾ ഉണ്ടെന്നു നിശ്ചയിപ്പാൻ പാടില്ല. നാം വസിച്ചുവരുന്ന ഭൂമി ചെന്നു അനുഗമിക്കുന്നതിനെ അറിയുന്നുള്ള സൂൎയ്യനെ ചുററി സഞ്ചരിക്കുന്ന ൧൩ ഗ്രഹങ്ങളിൽ ഭൂഗോളവും കൂടി ഉൾപ്പെ ക്കുന്നു. സൂൎയ്യനൊടടുക്കെ ചെന്നുവരുന്ന ബുധൻ ശുക്രൻ ഭൂമി ചൊവ്വാ ഇവ നാലും താന്നെ ചൊവ്വാഗ്രഹത്തിന്നു പുറം [illegible] ചുററി ചെല്ലുന്നവ വെസ്താ ജൂനൊ ചെരസ് പല്ലസ് അസ്ത്രെയാ [illegible] എന്നിങ്ങിനെ ചെറിയ ഗ്രഹങ്ങൾ തന്നെ വ്യാഴം ശനി ഊറനസ് നെപ്തൂൻ എന്നിവ പിന്നെ ഗ്രഹങ്ങൾ സൂൎയ്യനൊടു ദൂരത്തിന്നു ചുററി സഞ്ചരിക്കുന്നു. ഇങ്ങിനെ അല്ലാതെ ഗ്രഹങ്ങളെയും അവററിൽ ഒരുമിച്ചു സൂൎയ്യനെയും ചുററുന്ന ൧൮ ഉപഗ്രഹങ്ങളുണ്ടു അവററിൽ ഭൂമിക്കു ഒന്നു വ്യാഴത്തിന്നു നാലു ശനിക്കു ഏഴു ഊറനസിന്നു ആറു സഹഗാമികളാകിരിക്കുന്നു

൪. ഭൂഗോളസഞ്ചാരവും അതിനാൽ ഉണ്ടാകുന്ന വിശേഷങ്ങളും.

ഭൂഗോളം ൩൬൫¼ ദിവസത്തിന്നകം ൬൪ കോടി യോജന* ദൂരത്തിന്നു ൧൭॥ കോടി യോജന ദിഗ്വ്യാസമുള്ളൊരു വട്ടത്തിൽ ആദിത്യനെ ചുററി സഞ്ചരിക്കുന്നതല്ലാതെ ൬൦ നാഴികെക്കകം സ്വവിട്ടവും ചുററി ഉരുളുന്നു. ഈ രണ്ടു വിധം ഭ്രമണങ്ങളെ കൊണ്ടു ഋതുക്കളിലും അഹോരാത്രങ്ങളിലും പല ഭേദങ്ങൾ ഉണ്ടായി വരുന്നു. അതെങ്ങിനെ എന്നാൽ ആദിത്യന്നു അഭിമുഖമായ ഭൂഗോളത്തിന്റെ പാതി അംശം മാത്രം പ്രകാശമായി വരികകൊണ്ടും ഒരോരോ ദിക്കുകൾ നിത്യസഞ്ചാരം ഹേതുവായി ദിവസേന സൂൎയ്യൻ പ്രകാശിപ്പിക്കാത്ത ഭൂപാതിയിലും തിരിഞ്ഞു പോകകൊണ്ടും എല്ലാടവും ൬൦ നാഴികെക്കകം അഹോരാത്രം തികഞ്ഞു വരുന്നു. ഭൂഗോളവിട്ടം രാശിചക്രത്തിൽ സ്തംഭാകാരെണ നിന്നു എങ്കിൽ ഒരോരോ ദിക്കു ൩൦ നാഴിക വെയിൽ കൊള്ളുന്ന ഗോളാൎദ്ധത്തിലും ൩൦ നാഴിക സൂൎയ്യൻ പ്രകാശിപ്പിക്കാത്ത പാതിയിലും തിരിഞ്ഞു ചെന്നു അഹോരാത്രവും ഋതുക്കളും ഭൂമിയിൽ എങ്ങും സമമായിരിക്കും. എങ്കിലും ഭൂമിയച്ചു അല്പം ചാഞ്ഞും പ്രകാശം കൊള്ളുന്ന അംശം ദണ്ഡാകാരമാകും രാശിചക്രത്തിൽ കിടക്കകൊണ്ടു ഋതുക്കൾ വളരെ ഭേദിച്ചു പോകുന്നു. ഭൂഗോളവിട്ടത്തിന്റെ രണ്ടററങ്ങളുടെ നടുവിലെ ദിക്കുകൾ ഒരോ ദിവസസഞ്ചാരം കൊണ്ടു ഭൂമിയെ രണ്ടു സമമായ അംശങ്ങളാകുന്ന വട്ടമായി ചെല്ലുന്നു. ആ വട്ടത്തിന്നു മദ്ധ്യരേഖ എന്നു പേർ. വെയിൽ കൊള്ളുന്ന ഗോളാൎദ്ധത്തിന്റെ വൃത്തവും ഭൂമദ്ധ്യത്തിൽ കൂടെ നടക്ക കൊണ്ടു ഈ രണ്ടു സമവൃത്തങ്ങൾ തമ്മിൽ ഒത്ത അംശങ്ങളാകുന്നതിനാൽ മദ്ധ്യരേഖയിൽ അത്രെ അഹോരാത്രം എല്ലായ്പോഴും സമം തന്നെ ആകുന്നു.

* ഇതിൽ പറഞ്ഞു വരുന്ന യോജന ഒന്നിന്നു ൪ നാഴിക പ്രമാണം എന്നറിക.

അറിവുള്ള ജനം ചൊന്ന വചനത്തെ മറക്കൊല്ലാ
കളവിന്നൊരുനാളും നിനെച്ചിടൊല്ലാ.

Editor. F. Müller.

സമ്പുടം ൧. # പശ്ചിമൊദയം # ലക്കം ൧൧.

൧൦ാം നമ്പ്ര. തലശ്ശെരി. ൧൮൫൨. നവമ്പ്ര.


രാശിചക്രം

സൂൎയ്യൻ അസ്തമിച്ചതിന്റെ ശെഷം ഒരു കുന്നിന്മെൽ കെറിനൊക്കിയാൽ ആസമയം നക്ഷത്രങ്ങൾ ഉദിക്കുന്നതും പിന്നെ ക്രമെണ പൊങ്ങി പൊങ്ങി അൎദ്ധരാത്രിയിൽ തലെക്കു നെരെയും പിന്നെ ചാഞ്ഞു ചാഞ്ഞു ഉഷസ്സിങ്കൽ അസ്തമിക്കുന്നതും കാണുന്നു. പണ്ടു ലൊകർ ഇങ്ങിനെ നക്ഷത്രങ്ങളുടെ ഉദയാസ്തമാനങ്ങൾ കണ്ടു കൊണ്ടു നക്ഷത്രങ്ങൾ ഒക്കയും ദിവസെന ഒരു വട്ടം ഭൂമിയെ ചുററിവരുന്നു എന്നു നിശ്ചയിച്ചിരുന്നു. പരിചയം ഉണ്ടായാറെ ഭൂമി ദിവസെന ഒരു പ്രാവശ്യം തിരിയുന്നതകൊണ്ടു ഇവററിന്റെ ഉദയാസ്തമാനങ്ങൾ കാണുന്നു എന്നും അതു ഭൂമിയുടെ ഉരുൾച്ചയാൽ സംഭവിക്കുന്ന ഭ്രമമത്രെ എന്നു തിരിച്ചറിഞ്ഞു. നക്ഷത്രങ്ങൾ അല്പം മുമ്പിൽ പറഞ്ഞ പ്രകാരം ഉദിച്ചിട്ടു ദിവസെന നൊക്കി വരുമ്പൊൾ അസ്തമാന സമയത്തിൽ ഒരു വഴിയായ നക്ഷത്രം ഉദിക്കുന്നതു കണ്ടു. പിന്നെ അന്യൊന്യം ദിവസം കഴിഞ്ഞാറെ ആസമയത്തെ ആ നക്ഷത്രം മെല്പെട്ടു പൊങ്ങിയും ൩-മാസം ചെന്നാറെ തലെക്കു നെരെയും പിന്നെയും ക്രമത്താലെ ൬-മാസം കഴിഞ്ഞാറെ അതു സൂൎയ്യനൊടു കൂടി അസ്തമിക്കുന്നതും കാണും. ഇങ്ങിനെ പിന്നെയും ൩-മാസം കഴിഞ്ഞാൽ ആ നക്ഷത്രത്തെ മുമ്പിലെപ്പൊലെ അസ്തമിക്കുന്നതും ഉദിക്കുന്നതും കാണും. ഈ നക്ഷത്ര ചലനം നമുക്കു തൊന്നുന്നതല്ലാതെ ഉള്ളതല്ല. ഈ ഭൂമി ദിവസെന ഒരു പ്രാവശ്യം തന്നെത്താൻ ചുററുന്നതുപൊലെ ൩൬൫ ദിവസം കൊണ്ടു ഒരു പ്രാവശ്യം സൂൎയ്യനെ പ്രദക്ഷിണം ചെയ്യുന്നതകൊണ്ടു ആതും ഭൂമിയുടെ ചലനം കൊണ്ടുണ്ടാകുന്ന ഒരു ഭ്രമമത്രെ. ഇങ്ങിനെ ഒരു സംവത്സരം മുഴുവനും രാത്രി തൊറും നൊക്കുമ്പൊൾ അനെകം നക്ഷത്രങ്ങൾ സ്ഥലമാററം കൂടാതെ അവിടവിടെ തന്നെ നില്ക്കുന്നതായി കാണും. അവ സ്ഥിര നക്ഷത്രങ്ങൾ ആകുന്നു. ചില നക്ഷത്രങ്ങൾ ക്രമെണ കിഴക്കൊട്ടു നീങ്ങുന്നതും അതിൽ ചിലതു ഒന്നിച്ചു കണ്ടാൽ അവററിൽ തന്നെ ഗതിവെഗത്തിൽ ഏറക്കുറവും കാണും. ആ ഗ്രഹങ്ങൾ ആകുന്നതു. സൂൎയ്യൻ നക്ഷത്രമണ്ഡലത്തിൽ തിരിഞ്ഞിരിട

ക്കുന്നൊരൊരൊ സ്ഥിര നക്ഷത്രങ്ങളെ രാശികളിച്ചു ഒരൊരൊ രൂപം സങ്കല്പിച്ചു നാമം വിധി
ക്കയും ചെയ്തു-

വടക്കെ പാതിയിൽ കണ്ട നക്ഷത്രങ്ങളെ ൬- രാശികൾ ആക്കി തെക്കെ പാതിയിൽ കണ്ട
തു ൬ രാശിയെന്നും കല്പിച്ചു- നടുവിൽ സൂൎയ്യസഞ്ചാരമുള്ള വീഥിയെ വിചാരിച്ചു- ൧൨-
രാശികൾ ആക്കി ആ വീഥിക്കു രാശിചക്രം എന്ന പെരും ഇട്ടു ആ ൧൨-രാശികളെ സൂൎയ്യനെ നൊ
ള്ള കണക്കിന്നു വെണ്ടി അന്യൊന്യം സമമാക്കിയശെഷം ഒരൊരൊ രാശി ൩൦-അംശമാ
ക്കി വിഭാഗിച്ചു ഇങ്ങിനെ രാശിചക്രത്തിന്നു ൩൬൦-അംശം കല്പിച്ചു- അംശങ്ങളെയും മ
ണിക്കൂറ എന്ന പൊലെ ൬൦- മിനിട്ടായും ഒരു മിനിട്ട ൬൦- നിമിഷമായും വകുത്തിരിക്കുന്നു-
നക്ഷത്രങ്ങളും ഗ്രഹങ്ങളും ഇന്നിന്ന ദിക്കിൽ ആകുന്നു എന്ന് നിശ്ചയിക്കെണ്ടതിന്നു വി
ഭാഗത്തിന്നു ഇത്ര സൂക്ഷ്മത വെണം- ആ ൩൬൦- അംശങ്ങളിൽ ആദ്യം മീനത്തിൽ തന്നെ-
ആയതു കൊണ്ടു മെടത്തിന്റെ തല ൩൦- കഴിച്ചു തുടങ്ങുന്നു- ഇടവം ൬൦- കഴിച്ചു തുടങ്ങുന്നു- ച
ന്ദ്രൻ ഇടവമദ്ധ്യത്തിൽ നില്ക്കുമ്പൊൾ ൪൫- അംശത്തിൽ ആകുന്നു എന്നും കുംഭ
മദ്ധ്യത്തിൽ നില്ക്കുമ്പൊൾ ൩൧൫- അംശത്തിൽ എന്നും പറയുന്നു- ഇങ്ങിനെ കിഴക്കുപ
ടിഞ്ഞാറുള്ള നീളം എല്ലാം അറിയെണ്ടതിന്നു രാശിചക്രം മതി-

അതിന്റെ സൂക്ഷ്മനിദാനത്തിന്നും തെക്കു വടക്കുള്ള അകലം അറിയെണ്ടതിന്നും മ
റ്റൊന്നു ആവശ്യം- ധ്രുവൻ എന്നൊരു സ്ഥിര നക്ഷത്രം ഉണ്ടു- ആയതു ഭൂഗൊളത്തി
ന്റെ വടമുനെക്കു എകദെശം നെരെ നില്ക്കുന്നതാകകൊണ്ടു ആ നക്ഷത്രങ്ങൾ എ
ല്ലാം അതിന്നു തെക്കു എന്ന പറയുന്നു- ആകയാൽ രാശിചക്രമല്ലാതെ വരമണ്ഡല
ത്തെ രണ്ടാക്കി വിഭജിക്കുന്ന ഒരു സമരെഖയെ സങ്കല്പിച്ചിരിക്കുന്നു- ആയതിന്നു
രാശിചക്രത്തിൽ ഒരു പാതി എകദെശം വടക്കൊട്ടും മറ്റെ പാതി എകദെശം തെ
ക്കൊട്ടും ചാഞ്ഞു നില്ക്കുന്നു ആ സമരെഖയിൽ നിന്നു ധ്രുവന്നു ൯൦ അംശം വടക്കെ അ
കലം ഉണ്ടു- സപ്തൎഷികൾക്കു എകദെശം ൬൦ അംശം വടക്കെ അകലം.



ഇങ്ങിനെ ഇടവസങ്ക്രാന്തിക്കിൽ രാശിചക്രരെഖ സമരെഖയിൽനിന്ന ൨൩½ അംശം വടക്കാകുന്നു- വൃശ്ചികസങ്ക്രമത്തിൽ ൨൩½ അംശം തെക്കാകുന്നു- ചന്ദ്രൻ രാശിചക്രത്തിലല്ലാതെ കുറയാതെ ൫ അംശം വടക്കും തെറ്റുകകൊണ്ടു ആയതു ഒരൊരൊ ദിവസത്തിൽ കടക്കുന്നിടത്തിന്നു ഈ നാട്ടുകാർ നാൾ എന്ന പെരിട്ടു ഇങ്ങിനെ ൨൭ നക്ഷത്രങ്ങൾ എന്ന ചെറുരാശിക ഉദസങ്ങളിൽ ഇരിക്കുന്നു- അതാതരാശിയൊടു ചെരുന്ന മാസവും നക്ഷത്രങ്ങളും ഇവിടെ സംക്ഷെപിച്ചു കാട്ടാം-

രാശി	അടയാളം	മാസം	നക്ഷത്രം.
മെടം	♈	എപ്രിൽ. മെയി.	അശ്വതി. ഭരണി. കാൎത്തിക
ഇടവം	♉	മെയി - ജൂൻ.	രൊഹിണി. മകെയിരം.
മിഥുനം	♊	ജൂൻ - ജുലായി	തിരുവാതിര. പുണർതം.
കൎക്കടകം	♋	ജുലായി - ആഗൊസ്തു	പൂയം. ആയില്യം.
ചിങ്ങം	♌	ആഗൊസ്തു - സെപ്തെമ്പ്ര.	മകം. പൂരം. ഉത്രം
കന്നി	♍	സെപ്തെമ്പ്ര - ഒക്തൊബ്ര.	അത്തം. ചിത്ര.
തുലാം	♎	ഒക്തൊബ്ര - നൊവെമ്പ്ര.	ചൊതി. വിശാഖം.
വൃശ്ചികം	♏	നൊവ - ദെസെമ്പ്ര.	അനിഴം. തൃക്കെട്ട.
ധനു	♐	ദെസെ - ജനുവരി.	മൂലം. പൂരാടം. ഉത്രാടം
മകരം.	♑	ജനു - ഫിബ്രുവരി.	തിരുവോണം. അവിട്ടം.
കുംഭം	♒	ഫിബ്രു - മാൎച്ച്.	ചതയം. പൂരുട്ടാതി.
മീനം	♓	മാൎച്ച് - എപ്രിൽ	ഉത്രട്ടാതി. രെവതി.

കെരളപഴമ

൩൭. മാപ്പിള്ളമാരുടെ വിരൊധവും വൎഷകാലത്തിലെ താമസവും.

ഇതു ഉണ്ടായതു എല്ലാം മുസല്മാനർ കരുതികൊണ്ടു പറങ്കികൾ വന്നതിന്നു മുട്ടെ കാൎയ്യത്തിന്നു നാശം തന്നെ നല്ലവണ്ണം നൊക്കെണം എന്നു വിചാരിച്ചു കൊത്തുവാൾ മുതലായവൎക്കും വളരെ കൈക്കൂലി കൊടുത്തു വശീകരിച്ചു പറങ്കികൾ വ്യാപാരികൾ അല്ലൂ ടപ്പിടിക്കാരത്രെ അവരുടെ രാജ്യാവസ്ഥ ഇവിടെ അറിയിക്കുന്നു എങ്കിലും ഇങ്ങിനെ

രസായനങ്ങളെ തിരുമുല്ക്കാഴ്ച വെക്കയില്ലായിരുന്നു. വഴിയിൽ വെച്ചു ചിലെടത്തി
ൽ നിന്നു മുസല്മാന്മാരായി കലഹിച്ചു നാശം ചെയ്യിരിക്കുന്നു എന്നു മാത്രമിതെന്നിരി
ക്കുന്നു- ഇസ്ലാമും അവരുമായിട്ടു എപ്പൊഴും വൈരവും ഉണ്ടായിട്ടുണ്ടല്ലൊ- നമ്മു
ടെ മുതലിയാരും പറങ്കികൾ വന്നു സകലവും നശിപ്പിക്കും എന്നു കണ്ടിരുന്നതായാലത്തി
ൽ തന്നെ ശകുനവിഷയം പറഞ്ഞിരിക്കുന്നു- ഇതു കൊണ്ടു പുരുഷസ്നെഹം രാജാവവർ
കളെ വെണം- എങ്കിൽ പഴയ കെട്ടുകളറുപൊകും- അവരെ ചെത്തുകൊണ്ടാൽ ഞങ്ങ
ൾക്കു മിച്ചം തന്നെ വിട്ടുപൊകും- എന്നാൽ ഈ രാജ്യമാഹാത്മ്യം എല്ലാം ക്ഷയിക്കും- ഇനി
തിരുമനസ്സിൽ തൊന്നുന്ന പ്രകാരം ചെയ്കട്ടെ എന്നുണർത്തിച്ചു—
ഇതു കൊണ്ടു താമൂതിരി — അന്തിക്കൂട്ടിക്കളിത്താനെ വരുത്തി ഞങ്ങളൊടു ചൊദി
ക്കുന്നു- നെർ പറഞ്ഞാൽ ഞാൻ ശിക്ഷിക്കയില്ല- എന്തിന്നു വന്നു- ഈ നാട്ടുകാർ മന
സ്സറുപ്പക്കല്ലെന്നു വിചാരിച്ചിട്ടു ഈ വക കാഴ്ച വെച്ചതു- എന്തിങ്ങനെ ഒരൊന്നു ക
ല്പിച്ചപ്പൊൾ കപ്പിത്താൻ പറഞ്ഞു- ഞങ്ങളുടെ കാര്യം നിങ്ങൾക്കു ഇപ്പൊൾ ബൊധിക്ക
യില്ല ക്രമത്താലെ ബൊധിക്കും- ഞങ്ങടെ രാജാവു ലൊകരക്ഷിതാവായ യെശുക്രി
സ്തുവെ സര്വ്വരാജ്യങ്ങളിലും അറിയിച്ചു വാഴിക്കെണം എന്നു വെച്ചു എവിടെയും ക
പ്പലുകളെ അയച്ചു ജാതികളിൽ ഐക്യം വരുത്തുന്നുണ്ടു- നിങ്ങളുടെ അമ്പലങ്ങളി
ലും ബിംബങ്ങളിലും ത്രിമൂർത്തി തമ്പുരാട്ടി മുതലായ ഭാവനകളിലും ഞങ്ങളുടെ മതത്തെ
ത്താടു ഒരു സംബന്ധം കാണുന്നുണ്ടു- അന്യജാതികളെ പൊലെ നിങ്ങളും ഈ പുതി
യ വർത്തമാനത്തെ അംഗീകരിച്ചാൽ ഈ രാജ്യമാഹാത്മ്യം ഇടവിടാതെ വർദ്ധിച്ചു വരും
ഞങ്ങൾക്കു സകലജാതികളൊടും സ്നെഹം ഉണ്ടു- ഇസ്ലാം വകക്കാരൊടു മാത്രം ഇല്ല-
അവർ നിത്യം ഞങ്ങളെ ചതിപ്പാൻ നൊക്കുന്നു- നിങ്ങളെയും ചതിക്കുന്നതു കയാ
ൽ ഞങ്ങടെ രാജാവു ആഫ്രിക്കയിൽ വെച്ചു അവരെ ജയിച്ചു ശിക്ഷിച്ചു വരുന്നു-
ഞാനും വഴിയിൽ വെച്ചു അവരുടെ ദ്രൊഹത്തിൽ അകപ്പെട്ടു ദൈവകടാക്ഷ
ത്താൽ പണിപ്പെട്ടു വിട്ടു ഉടനെ ഇവിടെ ഇരിക്കുന്നതു കൊണ്ടാൽ അവർക്കു അല്പം ബുദ്ധി വരുത്തി
ഇരിക്കുന്നു സത്യം- എങ്കിലും ഈ മാപ്പിള്ളമാർ നിങ്ങളൊടു പറയുന്നതു എല്ലാം വിശ്വ
സിക്കരുത്- അവരുടെ പക്ഷമിത്രം ശിരസ്സം തൊന്നാതെ ഞങ്ങളെ രക്ഷിച്ചു കൊ
ള്ളെണം- അവരെ അനുസരിച്ചിട്ടു ഞങ്ങളെ കൊന്നാലും ഞങ്ങളുടെ രാജാവു വിടാതെ

അപെക്ഷിച്ചു കാൎയ്യം അറിഞ്ഞുകൊണ്ടതിൽ പ്രതിക്രിയ ചെയ്യും- പൊൎത്തുഗാൽ ജയം കൊള്ളാതെ കണ്ടു ഊരാജ്യം വിട്ടു പൊകയും ഉണ്ടു-

എന്നതു താമൂതിരി കൊട്ടാരെ കപ്പിത്താന്റെ മാളികയിൽ ഇരിക്കുന്ന ഖൊജാ മിയായുടെ മിത്രം കഴുത്തറുക്കെണ്ടതാകിലും അരുളിച്ചെയ്തതരെണം എന്നു കല്പിച്ചാറെ ഉത്തരം പൊന്നപ്പൊൾ പുതിയ മരമത്രെ- പൊന്നാലും തിരികെ ഇല്ല കടലിൽ വെച്ചു രക്ഷിച്ചു ത്രാസം കൂടാതിൽ ഇവൻ തന്നെ നടക്കുന്നു എന്നതിന്നും പറഞ്ഞു തന്റെ രാജ്യാവു അയച്ചു അറിയിച്ചതും കൊടുത്തു- അഷ്ടം താമൂതിരി വാങ്ങിപ്പിച്ചു ചരക്കുകളുടെ വിവരം ചൊദിച്ചു ആറു ദിവസങ്ങൾ അങ്ങാടിയിൽ വന്നിരുന്നാൽ കലശൽ ഉണ്ടാകും കപ്പലിലെ കച്ചൊടം അവിടെ പാൎത്തു കച്ചൊടം ചെയ്യുവിന്നെ കല്പന അയക്കാം എന്നതിൽ എഴുതുകയും കൂടെ ചെയ്തു-

അനന്തരം ഗാമ തൊപ്പിവാളൊട്ടു കൂടെ പുറപ്പെട്ടു കാപ്പുകാട്ടിൽ എത്തിയപ്പൊൾ മാപ്പിള്ളമാരുടെ വിരൊധത്താൽ തൊണി ഒന്നും കിട്ടാതെ രാത്രിയിൽ കരമെൽ തന്നെ പാൎത്തപ്പൊൾ അധികാരികളും വന്നു കൂടി മുട്ടിച്ചു നിങ്ങൾ കപ്പൽ കരെക്കു അടുപ്പിച്ചു ചരക്കു പാവും ചുക്കാനും എടുത്തു ജാമ്യമാക്കി വെച്ചു സ്വൈരത്തിൽ കൂടാമല്ലൊ അതിന്നാകിൽ കപ്പലിലെക്കു കല്പന അയക്കെണം എന്നും മറ്റും കൌശലം പറഞ്ഞാറെയും കപ്പിത്താൻ പുറമെ ഭയം കാട്ടാതെ അല്പം ചില ചരക്കുകളെ മാത്രം വരുത്തി ചിലരെ കരെക്കു വാങ്ങിച്ചു താൻ കപ്പൽ കരെറി- ഇതിന്നാൽ വിചാരിച്ചു കൊള്ളും എന്നു നിരൂപിക്കയും ചെയ്തു-

മാപ്പിള്ളമാർ അത്യന്തം കൊപിച്ചു എങ്കിലും വിരൊധം ഒന്നും ചെയ്വാൻ സംഗതി വരാതെ പൊൎത്തുഗാൽ ചരക്കുകളെ കാണുന്തൊറും ദുഷിച്ചു ചീത്ത ആക്കി ഒരു ക്രിസ്ത്യാനനെ കാണുമ്പൊൾ ചീ പറങ്കി എന്നു ചൊല്ലി തുപ്പും- താമൂതിരി അന്നു ചുങ്കം ചൊദിപ്പിച്ചു കാവലി ന്നു ഒരു നായരെ കല്പിച്ചു ചരക്കുകളെ പത്തൊന്പതിച്ചു- ഗാമ മാത്രം കരെ ഇറങ്ങാതെ ദിവസേന ഒരൊരുത്തരെ ഉണ്ടാക്കി അങ്ങാടി കാണിച്ചും കൊണ്ടു സാധനങ്ങളെ മാറി കൊടുവാൻ വാങ്ങിച്ചും തിന്നും വെള്ളവും വില്പാൻ കൊണ്ടു വരുന്ന നാട്ടുകാരെ സല്ക്കരിച്ചും മ തവരുത്തി വൎഷകാലം കഴിക്കയും ചെയ്തു-

ഭൂമിശാസ്ത്രം (തുടൎച്ച)

ഭൂഗൊളത്തിന്റെ അച്ചുതണ്ടു ഇതു എന്നു ചുറ്റി ചെല്ലുന്ന സമയം എല്ലാം ഒരു ഭെദം വരാതെ ഭൂ

ഞ്ഞു കിടക്കുന്നതിനാൽ ഭൂമി കൊല്ലന്തൊറും രണ്ടുവട്ടം സൂൎയ്യനിൽനിന്നു ദക്ഷിണൊത്ത
രമുനകളുടെ ദൂരം സമമായതിനാൽ ഉത്തനപ്രകാശം കൊള്ളുന്ന ഗൊളാൎദ്ധത്തിന്റെ ച
ക്രവും ഇരുമുനകളിൽ കൂടി കടക്കകൊണ്ടു ആ രണ്ടു സമയങ്ങളിൽ ഭൂമിയിൽ എങ്ങും
അഹൊരാത്രം സമമായിരിക്കുന്നു ഇതു മാൎച്ച മാസം ൨൧ാം തിയ്യതി സപ്തമ്പർ മാസം ൨൩ാം
തിയ്യതി സംഭവിക്കുന്ന വിഷുവത്ത തന്നെ ആകുന്നു സൂൎയ്യന്റെ പ്രകാശം കൊള്ളുന്ന
പാതി ഭൂമിയെ അത്യന്തം ഭെദമുള്ള രണ്ടംശങ്ങളാക്കി വിഭാഗിക്കുന്ന ദിക്കുകളിൽ സംവ
ത്സരന്തൊറും എത്തുന്ന സമയം തന്നെ അഹൊരാത്രങ്ങളിലും ഋതുക്കളിലും വളരെ വ്യത്യാ
സം ഉണ്ടാകുന്നു- ആ രണ്ടു ദിക്കുകൾ ദക്ഷിണൊത്തരായനാന്തങ്ങൾ തന്നെ ഇതിനെ അല്പം
തെളിയിച്ചു പറയാം- ഭൂമി രാശിചക്രത്തിലെ ദക്ഷിണായനാന്തത്തിങ്കൽ നില്ക്കുമ്പൊൾ
ഗൊളത്തിന്റെ വടക്കെ അംശത്തിൽ സൂൎയ്യരശ്മികൾ വളരെ ചരിഞ്ഞു വീഴുക കൊണ്ടു അതി
ശൈത്യവും രാത്രിദൈൎഘ്യവും ഗൊളത്തിന്റെ തെക്കെ പാതിയിൽ സൂൎയ്യരശ്മികൾ നെരെ
പറുക കൊണ്ടു ദിവസദീൎഘതയും ഉഷ്ണാധിക്യവും സംഭവിക്കുന്നു ഭൂഗൊളം ഉത്തരായ
ണമാകുന്ന രാശിചക്രത്തിന്റെ പാതിയിൽ കൂടി ചെല്ലുന്ന ക്രമത്തിൽ വടക്കെക്കുള്ള ശൈ
ത്യവും നിശാധിക്യവും തെക്കൊട്ടാകുന്നു ഉത്തരായനാന്തത്തിൽ എത്തിയിട്ടു ദക്ഷിണാ
യനമാകുന്ന രാശിചക്രത്തിന്റെ അംശങ്ങളുടെ സഞ്ചരിക്കുന്ന സമയം മുമ്പെത്ത ഋതുകാല
ഭെദങ്ങൾ വടക്കൊട്ടു തിരിച്ചു വരുന്നു ഭൂഗൊളം പിന്നെയും ദക്ഷിണായനാന്തത്തിൽ എത്തു
മ്പൊൾ ഒരു സംവത്സരവും ഋതുകാലഭെദങ്ങളും തികഞ്ഞുവന്നു എന്നറിക-

൭- ഭൂമിയുടെ രൂപവും സമ്മിതങ്ങളും-

യാതൊരു ദിക്കിൽനിന്നും ഭൂമിയുടെ അററം നൊക്കിയാൽ അതിനെ സമവൃത്താകാരമായി കാ
ണുകകൊണ്ടും സൊമഗ്രഹണസമയം ചന്ദ്രനെ മറെക്കുന്ന ഭൂമിഛായ നിത്യം ചക്രാകൃതി
യരിക്കകൊണ്ടും അനെക കപ്പൽക്കാർ ഒരൊ ദിക്കിൽനിന്നു പുറപ്പെട്ടു പടിഞ്ഞാറൊട്ടു ക
പ്പലൊടിച്ചു സമുദ്രവഴിയായി ഭൂമിയെ ചുററി തിരിക്കുന്നു മടങ്ങിവരികകൊണ്ടും തെ
ക്കൊട്ടു യാത്രപുറപ്പെട്ടു പൊകുന്നവരിൽ ധ്രുവൻ എന്നെ സ്ഥിരനക്ഷത്രത്തെ ആകാശ
ത്തിൽ താണക്രമത്താലെ ഭൂമിയുടെ കീഴിൽ മറഞ്ഞു പൊയ പ്രകാരവും വടക്കൊട്ടു
ചെല്ലുന്ന സമയം ആകാശത്തിൽ കയറി ഒടുവിൽ ഊൎദ്ധ്വത്തിങ്കൽ നില്ക്കുന്ന പ്രകാരവും
കാണുക കൊണ്ടും ഭൂമിക്കു ഗൊളസാദൃശ്യം ഉണ്ടെന്നു നിശ്ചയമായിട്ടറിയാം ഭൂഗൊളത്തി

ത്തിന്റെ വിട്ടം. ൮൦൦൦. യോജന ഭൂമദ്ധ്യരേഖയുടെ നീളം. ൨൪൯൦൦. യോജന ഭൂഗോളത്തിന്റെ മെൽഭാഗത്തിന്ന ഏകദെശം. ൯. കോടിയിലും ൫൦ ലക്ഷത്തിലും പരം ൨൦൦൦. ചതുരശ്ര യോജന വിസ്താരം ആകുന്നത-

൩. ചന്ദ്രന്റെ സഞ്ചാരവും ഗ്രഹണകാരണവും-

ഭൂഗോള സഹഗാമിയായ ചന്ദ്രന്റെ വിട്ടം. ൬൨൫. യോജന ദീൎഘമുള്ളതാകുന്നു അവൻ ൩൦൦൦൦. യോജന ദൂരത്തിന്ന ദീൎഘവൃത്തത്തിൽ ഭൂഗോളത്തെയും അതിന്റെ ഒരു മിത്രമാകുന്ന മിത്രത്തെയും ചുററി ചെല്ലുന്ന ഭൂമിയെ ചുഴന്ന സഞ്ചരിക്കുന്നതിൽ സ്വവിട്ടത്തെ വലം വെക്കാതെ നിത്യം ഒരു പൊലെ ഭൂമിക്ക അഭിമുഖമായി നില്ക്കുക കൊണ്ടു നാം ചന്ദ്രഗോളത്തിന്റെ പാതിമാത്രം അറിയുന്നു ഭൂമിയെ ചുററി ഭൂമിക്കൊണ്ടതിന്ന ചന്ദ്രന്ന ഏകദെശം ൨൭ ദിവസവും ൮. നാഴികയും വെണം എങ്കിലും ആ സമയത്തിന്നകം ഭൂഗോളവും തൻ വഴിയിൽ ചെല്ലുന്നതിനാൽ ചന്ദ്രൻ ആദിത്യ ഭൂമികളൊടു മുമ്പെത്ത സംബന്ധം പ്രാപിക്കെണ്ടതിന്ന ൨ ദിവസവും ൫൦. നാഴികയും അധികം സഞ്ചരിക്കെണ്ടി വരിക കൊണ്ടു ഒരു ചാന്ദ്രമാസത്തിന്ന. ൨൯॥ ദിവസം തികഞ്ഞു വരെണം-

ഭൂചന്ദ്രന്മാരുടെ ഭ്രമണവൃത്തങ്ങൾ നിരപ്പായിരിക്കുന്ന എങ്കിൽ മാസന്തൊറും അമാവാസ്യയിൽ ഒരു സൂൎയ്യഗ്രഹണവും പൌൎണ്ണമാസിയിൽ ഒരു സൊമഗ്രഹണവും സംഭവിക്കും എങ്കിലും ചന്ദ്രൻ ചെല്ലുന്ന വട്ടം ഭൂഭ്രമണവൃത്തത്തിൽ ചാഞ്ഞു കിടക്കുക കൊണ്ടു അമാവാസ്യാ പൌൎണ്ണമാസികളിൽ ചന്ദ്രൻ ഭൂഗോളത്തിന്റെ സഞ്ചാരവൃത്തം കടന്നു തന്റെ വട്ടത്തൊടു ഒപ്പിച്ചു വെക്കുന്ന സമയമത്രെ ഗ്രഹണങ്ങൾ വരുവാൻ സംഗതി ഉണ്ടാകുന്നത അമാവാസ്യയിൽ ആ പറഞ്ഞ വിശെഷം വരുമ്പൊൾ ചന്ദ്രൻ ആദിത്യ ഭൂമികളുടെ മദ്ധ്യത്തിൽ ചെല്ലുന്ന സമയം മൂവരുടെ മദ്ധ്യരെഖകൾ നിരപ്പായി നില്ക്കുക കൊണ്ടു സൊമഛായ ചന്ദ്രമണ്ഡലത്തിൽ വീണു സൂൎയ്യനെ നമുക്ക മറച്ചു വെക്കും അതിന്ന സൂൎയ്യഗ്രഹണം എന്ന പെർ പൌൎണ്ണമാസിയിൽ ഭൂഗോളം ആദിത്യ ചന്ദ്രന്മാരുടെ മദ്ധ്യത്തിൽ വന്നു മൂവരുടെ മദ്ധ്യരെഖകളെ നിരത്തി വെക്കുന്ന സമയം സൂൎയ്യരശ്മികൾ ഭൂമിയുടെ വലിപ്പം നിമിത്തം ചന്ദ്രനിൽ വീഴാതെ ഭൂഛായമാത്രം അവന്റെ മണ്ഡലത്തെ ആച്ഛാദിക്കകൊണ്ടു ചന്ദ്രനെ ചുവന്ന നിറമായിട്ടു കാണുന്നു അത സൊമഗ്രഹണം തന്നെ-

൪ ഭൂഗോളത്തിന്റെ അകവും പുറവും.

ങ്ങൾ ഭൂമിയുടെ പുറഭാഗമത്രെ അറിയുന്നു- ൩൦൦൦- കാലടി ആഴത്തിൽ അധികം കിഴിഞ്ഞു പൊവാൻ കഴിയായ്ക കൊണ്ടു ഇനി ഇവിടെ സമുദ്രാദികളെ മാത്രം വിവരിച്ചു പറവാൻ ഇടയുണ്ടു—

൧. ഭൂമിയുടെ പുറഭാഗം.

ഭൂഗോളപ്പുറഭാഗം മൂന്നംശമാക്കിയാൽ അതിൽ രണ്ടംശം സമുദ്രം ഒരംശം ഉണങ്ങിയ നിലം തന്നെ സമുദ്രത്തിന്റെ വിസ്താരം ഏകദെശം. ൧൪൪॥-ലക്ഷം ചതുരശ്രയൊജന ഉണങ്ങിയ നിലത്തിന്റെ വിസ്താരം ഏകദെശം. ൫൧- ലക്ഷം ചതുരശ്രയൊജനയാകുന്നു ഭൂമിയുടെ ദക്ഷിണപശ്ചിമഭാഗങ്ങളിൽ വെള്ളവും പൂൎവ്വൊത്തരഭാഗങ്ങളിൽ ഉണങ്ങിയ നിലവും പ്രധാനം വെള്ളമെല്ലാം തമ്മിൽ ചെൎന്നു ഏകസമുദ്രമായിരിക്കുന്നു എങ്കിലും അതിനെ അഞ്ചംശമാക്കി വിവരിച്ചു പറയാം—

൧. ആസ്യ യുരൊപ അമെരിക്ക ഖണ്ഡങ്ങളുടെ വടക്കെ അററത്തുള്ള വടക്കെ ഹിമസമുദ്രം—

൨. തെക്കെ ഹിമസമുദ്രം—

൩. യുരൊപ അഫ്രിക്ക അമെരിക്ക ഖണ്ഡങ്ങളുടെ മദ്ധ്യത്തിലെ അതലന്തിക സമുദ്രം-

൪. അമെരിക്ക ഔസ്ത്രല്യ ആസ്യ ഖണ്ഡങ്ങളുടെ നടുവിലെ മഹാശാന്തസമുദ്രം

൫. ആസ്യ അഫ്രിക്ക ഔസ്ത്രല്യ ഖണ്ഡങ്ങളുടെ മദ്ധ്യത്തിലുള്ള ഹിന്തുസമുദ്രം

ഉണങ്ങിയ നിലവും വളരെ ഭെദമുള്ള അഞ്ചു ഖണ്ഡങ്ങളായി കിടക്കുന്നു ആസ്യ യുരൊപ അഫ്രിക്ക എന്നീ മൂന്നു ഖണ്ഡങ്ങൾ ഭൂഗൊളത്തിന്റെ പൂൎവ്വഭാഗത്തു ഒരു വലിയ ദ്വീപാകുന്നു. അമെരിക്ക ഖണ്ഡം പശ്ചിമഭാഗത്തുള്ള ദ്വീപു ഔസ്ത്രല്യ ദക്ഷിണാംശത്തിലെ ദ്വീപു അതിനൊടു മററും പല ചെറു ദ്വീപുകൾ ചെൎന്നിരിക്കുന്നു-

☞ ലാൎദ്ദ ദാൽഹൌസി എന്ന പുതിയ ഗവൎണ്ണർ ജനരൽ ൧൨ മാസത്തിൽ അമെന്നതി കപ്പലിൽ കയറി ബെങ്കാളത്തിൽ എത്തും. സർ ഹെൻരി പൊത്തിഞ്ചർ മെപ്രുവരിയിൽ മദ്രാസസംസ്ഥാനത്തെ ഭരമെല്ലാം അവരൊടു കൂട മദ്രാസവട്ടാരത്തിനു കമ്മണ്ടരായ ജനരൽ ബൎക്ലി കെയ്യിൽ നിന്നു വരികയും ചെയ്യും.-

F. Müller. Editor.

നമ്പ്രഒന്നിന്നു
പശ്ചിമോദയം
൧ മൈചൊസ്സുവില
൰ാം നമ്പ്ര
തലശ്ശെരി
൧൮൪൮ ഡെസെമ്പ്ര


ഭൂമിശാസ്ത്രം

രണ്ടാം ഖണ്ഡം

ഭൂഖണ്ഡങ്ങളുടെയും വിവരം

ആസ്യാഖണ്ഡം

വിസ്താരാകൃതികൾ



൨. വിസ്താരവും അതിരുകളും

ആസ്യാഖണ്ഡത്തിന്റെ വടക്കെ അറ്റമായ സെവെറൊവൊസ്തൊക്ക് മുനമ്പിൽനിന്നു തെക്കെ അറ്റമായ റൊമാനിയ മുനമ്പോളം ൫൩൦൦ നാഴിക ദൂരമാകുന്നു. കാലപ്പടിഞ്ഞാറു ദൂരം അതിന്റെ കിഴക്കു പടിഞ്ഞാറു വെള്ളപ്പട്ടണത്തിൽനിന്നു കിഴക്കെ ബേരിങ്ങ്‌വഴി യോളം ൬൭൦൦ നാഴിക ഏകദേശം ഉണ്ടാകുന്നു. ഏകദേശം ചതുരശ്രവിസ്താരം ... ന്ന. അതിരുകൾ. കിഴക്കു മഹാശാന്തസമുദ്രം. തെക്കു ഹിന്തുസമുദ്രവും അതിന്റെ അംശങ്ങളും. പടിഞ്ഞാറു ചെങ്കടലും മെദിത്തരന്യയും അത്ലന്തികസമുദ്രത്തിന്റെ അംശമാകുന്ന മദ്ധ്യധരണ്യാഴിയും കരിങ്കടലും യുരൊപഖണ്ഡവും. വടക്കു ഹിമസമുദ്രം. ഈ നാലതിരിന്നകത്തുള്ള ഖണ്ഡത്തിന്റെ വിസ്താരം ൧൭ ലക്ഷം ചതുരശ്രയോജനയാകുന്നു.

൩. പർവതങ്ങൾ.

ലോകത്തിൽ വെച്ചു ഏറ്റവും ഉയർന്ന മല ആസ്യാഖണ്ഡത്തിന്റെ നടുവിൽ ഏകദേശം ... യോജനയിലും ... യോജന അകലമുള്ള ... പാമിർ എന്ന ... ഇടങ്ങൾ ... അവിടെ ... ... വിശേഷമായി ... കാലത്തിൽ ... സ്ഥലമായിരുന്നു എന്നു ... അതിന്റെ നാലുപുറവും ... യുണ്ടായിരുന്നു.

൧൫൦൦൦ അടി ഉയരമുള്ള ബെലൂർ ഹിന്തുകുഷ് മലകൾ ... പടിഞ്ഞാറോട്ടു ... ഹിന്തുകുഷിനെയും ... കിഴക്കോട്ടു ... യും ... ഉണ്ടാക്കിയിരിക്കുന്നു.

... വെച്ചു ... ചീനരാജ്യത്തിന്റെ ... ... ഇടയിൽ കിടക്കുന്ന മഹാമലപ്രദേശം ... ഇതിന്റെ വിസ്താരം ൫ ലക്ഷത്തിൽ പരം ൧൫൦൦൦ ചതുരശ്രയോജന. വിശേഷാംശങ്ങൾ.

൧. ഹിമാലയം. ഏറ്റവും പൊക്കമുള്ള പർവതം. ബെലൂർ ഹിന്തുകുഷ് മലകളോടു ചേർന്ന ... നിന്നു കിഴക്കോട്ടു തിബെത്തുദേശത്തിന്റെ അതിരായി ബ്രഹ്മപുത്രാനദി

ബെങ്കാളദെശത്തൂടെ ഒഴുകുന്നവരെയൊന്ന തെക്കും വടക്കും ഒരൊശാഖകളതിൽ സി-
ന്ധു-ശതദ്രു-യമുന-ഗംഗ മുതലായ അനെകനദികളെയും നാലുദിക്കിലെക്കൊഴു-
കുമാറാക്കി നില്ക്കുന്നു- കെദാരനാഥം [illegible] ശൃംഗങ്ങളതിവരങ്ങൾക്ക ൨൨൦൦൦വും
നന്ദദെവിക്ക ൨൫൦൦൦വും ധവളഗിരിക്ക ൨൮൦൦൦വും കാലടിയുയരമുണ്ടെന്നറിക-

൨. തിബെത്തചീനദെശങ്ങളിലെ പർവ്വതങ്ങൾ.

ബെലുർ ഹിന്ദുകുഷ മലകളുടെ തെക്കെ അറ്റത്തിൽനിന്ന [illegible] കിഴക്കൊട്ട ചു-
ല്ലിങ്ങ്- കുവെൻലുൻ- [illegible]- [illegible]- [illegible] മലകൾ മദ്ധ്യെ
[illegible] ദെശത്തൊളം വരുന്നു [illegible] പർവ്വതങ്ങളുടെ [illegible]
[illegible] ദെശത്തിൽ വടക്കെ [illegible]
ശത്തെക്കുയർന്നിരിക്കുന്ന പ്രകാരം ഒരൊശാഖാമലകളെ കൊണ്ട [illegible]
ക്കുന്നു- ബ്രഹ്മപുത്ര- യങ്ങ്ത്സെക്യാങ്ങ്- ഹൊവാങ്ങ്ഹൊ- മുതലായ നദികളുടെ ഉല്പത്തിക
ൾ ആ ദെശത്ത തന്നെ ആകുന്നു- തിബെത്തിൽനിന്ന കിഴക്കൊട്ട [illegible]
ക്കളുടെ നടുവിൽ വ്യാപിച്ചുനില്ക്കുന്ന ശാഖാമലകളുടെ നാമങ്ങൾ- [illegible]
ങ്ങ് മുതലായവ ആകുന്നു- ഈ പറഞ്ഞ മലകളുടെ ഉയരം ഹിമാലയത്തിൽ അല്പം മാ
ത്രമെ കുറയും-

[illegible] കിഴക്കെ അറ്റം- [illegible] മലയുടെ കിഴക്കെ അറ്റത്തിൽ നിന്ന
പല പർവ്വതങ്ങൾ വടക്കൊട്ട വരുന്ന [illegible] ദെശം [illegible] നില്ക്കുന്നു
[illegible] ഭൂമിക്ക [illegible] മലയുടെ [illegible]
[illegible] കൊണ്ട [illegible] ദെശത്തിന്നു [illegible]
പർക്കൊള്ളെ-

കിഴക്കെ പടിഞ്ഞാറെ [illegible]- [illegible] മലകളുടെ വടക്കെ അറ്റത്തിന്ന തെക്ക
പടിഞ്ഞാറും [illegible] ചുറ്റിലും [illegible]
നു പടിഞ്ഞാറെട്ട [illegible] പടിഞ്ഞാറെ അറ്റത്തിൽ
[illegible] മലകളും ൬൦൦൦-൨൦൦൦൦ കാലടി ഉയരമായി [illegible]
[illegible]- മുതലായ നദികളുടെ ഉറവുകൾ [illegible]
[illegible] മുതലായ ലൊഹങ്ങളും [illegible]- ബെലുർ മലയുടെ വടക്കെ അറ്റത്തിൽ നിന്ന

ഴക്കവടക്കൊട്ടു ഹിന്തുസ്ഥാനത്തൊളം ധ്യാചോലെന്നും വെളുത്തമലകൾ എന്നർത്ഥമുള്ള ഖെയൊട്ടു
ചന്നവതിക്കൊണ്ടു മെൽപറഞ്ഞമാലാമലപ്രദേശമായിരിക്കണം. അൾത്തായിധ്യാ
ൻമലകളുടെ നടുവിൽ പലസരസ്സുകളുള്ള ഖൊബിമലപ്രദേശം വടക്കുപടിഞ്ഞാറെ
ഒന്നാമത്തെ ഭൂമികളിൽ ഇറങ്ങിപ്പൊകുവാൻ വഴിയാകുന്നു

വടക്കെ രുസ്യായിലെ പർവ്വതങ്ങൾ

൧. ഊരാൽമല രുസ്യായുരൊപഖണ്ഡങ്ങളുടെ അതിരാകുന്നു. കസ്പിയൻ ഊരാലസരസ്സു
കളുടെ വടക്കെ അതിരങ്ങളിൽനിന്നു നെരെ വടക്കൊട്ടു ആർക്തിയസമുദ്രത്തൊളം ചെ
ന്നെത്തി കിടക്കുന്ന അതിൻ്റെ നീളം ൩൦൦ യൊജന. ഉയരം ഒരുദെശം ൫൦൦൦ കാ
ലടി. അതിൻ്റെ മൂട്ടാപികളിൽനിന്നു പെഷൊറ- കാമ- ഊരാൽ നദികൾ വീണ്ടു
തെക്കൊട്ടും വടക്കൊട്ടും ഒഴുകുന്നു-
൨. യബ്ലൊനൊയി സ്തനവൊയി മലകൾ സിബെരിയായിൻ്റെ കിഴക്കെ അതിരായി
ദക്ഷിണമലപ്രദേശത്തിൻ്റെ വടക്കെ അറ്റത്തിനെക്കൊണ്ടു ശൂതക്കടലൊളം
ക്കി പൊലെയും കിഴക്കവടക്കായിട്ടു വരുന്നില്ലുന്നു ഉയരം ൫൦൦൦ കാലടി-
൩. കാംശ്ചത്കാമലപ്രദേശത്തിൽ ൧൫൦൦൦ത്തും അവകൾ ൫൦൦൦വും കാല
ടി ഉയരമുള്ള അഗ്നിപർവ്വതങ്ങൾ ഉണ്ടു-

ഭാരതഖണ്ഡത്തിൻ്റെ പർവ്വതങ്ങൾ

൧. തപതിനദിതുടങ്ങി കന്യാകുമാരിയൊളം സഹ്യാദ്രി കടപ്പുറത്തിന്നു ഒട്ടും
ഇല്ലാത്ത വഴിയായി തെക്കൊട്ടു വ്യാപിച്ചുനില്ക്കുന്നു- പടിഞ്ഞമല നീലഗിരിയിൽ
വച്ചു അതിനൊടു ചെന്നു ബെങ്കാളക്കടലിൻ്റെ പടിഞ്ഞാറെ തീരത്ത വടക്കൊട്ടു
ചെല്ലുന്ന സഹ്യമലയുടെ ഉയരം ൩൦൦൦- ൫൦൦൦ കാലടി- അതിൻ്റെ ശിഖരങ്ങളിൽ
നിന്നു കാവെരി- കൃഷ്ണ- ഗൊദാവരി മുതലായ നദികൾ വീണു കിഴക്കൊട്ടു ഒഴുകി
ബെങ്കാളസമുദ്രത്തിൽ ചെരുന്നു- പെണ്ണയാറു- പാലാറു- വൈഗയാറു മുതലായ പുഴകളു
ടെ ഉറവുകൾ പർവ്വതാദ്രിയിൽനിന്നു തന്നെ ആകുന്നു-
൨. വിന്ധ്യമലകൾ ആകുന്ന ഇടകടന്നിട്ടു നർമ്മദാനദിയുടെ വടക്കെ അതിരായിട്ടു
മാലവഖണ്ഡം എന്ന മലപ്രദേശത്തൊളം നെരെ കിഴക്കൊട്ടു പരന്നു കിടക്കുന്ന അതി
ൽനിന്നു നർമ്മദാ- തപതിനദികൾ പടിഞ്ഞാറൊട്ടൊഴുകി പാർസിസമുദ്രത്തിലും മഹാ

നദി കിഴക്കൊട്ടു ചെന്നു ബെങ്കാള സമുദ്രത്തിൽ പ്രവെശിക്കുന്നു വരദാ മുതലായ പുഴകൾ വടക്കൊട്ടു ഒഴുകി യമുനാ ഗംഗാ നദികളിലും കൂടുന്നു

ഇറാൻ ദെശത്തെ ചുററിയിരിക്കുന്ന വലയമല

അതിന്റെ കിഴക്കെ അതിരായ ഹിന്തുവാസി മലകൾ ഹിന്തുകുഷിൽ നിന്നു സിന്ധുനദിക്കരെ പടിഞ്ഞാറെ തീരത്തു കൂടെ തെക്കൊട്ടു പാരസികടലൊളം നീണ്ടു കിടക്കുന്നു അതിലെ എററവും ഉയരമുള്ള ശിഖരത്തിന്റെ ഉയരം ൧൧൦൦൦ കാലടി - ഹിന്തുകുഷിന്റെ പടിഞ്ഞാറെ അററത്തു നിന്നു വളഞ്ഞു ഖുറസാൻ ദെശത്തൂടെ നെരെ പടിഞ്ഞാറൊട്ടു ചെന്നു കസ്പ്യസരസ്സിന്റെ തെക്കെ തീരത്തൊളം എല്ബുർസ് മലയൊടു ചെർന്നു ഇറാൻ ദെശത്തിന്റെ വടക്കെ അതിരായിരിക്കുന്ന എല്ബുർസ് മലയിലെ ദെമവന്ത ശിഖരത്തിന്റെ ഉയരം ൧൪൦൦൦ കാലടി

തെക്കെ പടിഞ്ഞാറെ അററം സിന്ധുനദി ഒഴുകുന്ന താണനാട്ടിൽ നിന്നു മക്രാൻ- കച്ചാൻ- പാരസി മുതലായ ദെശങ്ങളെ കടന്നും തിഗ്രിനദിവക്കത്തൂടെ വടക്കു പടിഞ്ഞാറൊട്ടു വ്യാപിച്ചും അർമ്മെന്യയൊൻ മലപ്രദെശത്തൊടു ചെർന്നും ഉൎമിയസരസ്സിന്റെ വടക്കെ അററത്തിൽ നിന്നു കിഴക്കൊട്ട് എല്ബുർസ് മലയുടെ പടിഞ്ഞാറെ അററത്തൊളം എത്തി നില്ക്കുന്നു ഉയരം ൭൦൦൦- ൮൦൦൦ കാലടി -

ജ്യോതിഷവിദ്യ

ആദിത്യൻ

എല്ലാ നക്ഷത്രങ്ങളിലും ഭൂമിക്ക് ആവശ്യമുള്ളത് ആദിത്യൻ തന്നെ - ആദിത്യൻ കൂടെ നക്ഷത്രമൊ എന്നു സംശയിച്ചു പൊകെണ്ടതല്ല - പകൽ കാലത്തും ആദിത്യൻ പല നക്ഷത്രങ്ങളൊടും കൂടെ ആകാശത്തു നില്ക്കുന്നു - അവന്റെ അതിപ്രകാശം നിമിത്തം ശെഷം ജ്യോതിസ്സുകളെ ഗ്രഹണകാലത്ത് ഒഴികെ പകൽ സമയത്തു കാണുന്നില്ല - എല്ലാ നക്ഷത്രങ്ങളെക്കാൾ ആദിത്യൻ വലിയത് എന്നു വിചാരിക്കയും അരുത് - സാമീപ്യം നിമിത്തം എത്രയും വലുതായി തൊന്നുന്നു എങ്കിലും രാത്രിയിൽ കാണുന്ന അനെക നക്ഷത്രങ്ങൾ സൂര്യനെക്കാൾ വിസ്താരമുള്ളവ എന്നു നിശ്ചയം വന്നിരിക്കുന്നു - ഭൂമി മുതലായ ഗ്രഹങ്ങളിൽ മാത്രം ആദിത്യൻ അധികം വലുതായിരിക്കുന്നു - സൂര്യൻ ഭൂമിയെ

ഭൂമി താഴെ എന്നു പറയുന്നതും സത്യമല്ല — ഭൂമിയുടെ നടു ചരാചരങ്ങളെ ആകർഷിച്ചു വാളുന്നതുപോലെ ആദിത്യൻ സർവ്വഗ്രഹങ്ങളെയും ആകർഷിച്ചും തന്റെ വലിപ്പത്താൽ വഹിച്ചും കൊണ്ടിരിക്കുന്നു — അതുകൊണ്ടു ആദിത്യൻ ഭൂവാദിഗ്രഹങ്ങൾക്കു ആധാരം എന്നു പറയാം — അതല്ലാതെ വെളിച്ചവും ഉഷ്ണവും ഉറക്കുക കൊണ്ടു സൂര്യൻ ഗ്രഹവാസികൾക്കു ഉപകാരിയായിരിക്കുന്നു — അജ്ഞാനം നിമിത്തം പലരും അതു ദേവൻ എന്നു സ്തുതിച്ചിട്ടും ഉണ്ടു എങ്കിലും അതിന്നു ബുദ്ധിയും മനസ്സും ഇല്ല — സ്രഷ്ടാവിന്റെ കല്പനയാൽ ഭേദം കൂടാതെ സഞ്ചരിക്കുന്നേയുള്ളു — അതിന്നും ഭൂമിക്കും ഏകദേശം [illegible] കാതം ദൂരം ആകുന്നു ഒരു വെടിക്കുണ്ടു കൊണ്ടു വെടി വെച്ചാൽ അതിലെ ഉണ്ട ഒരു വിനാഴികക്കു [illegible] ഒരു കാതം വഴിയോളം പറക്കുന്നു — ആ ഉണ്ട ഭൂമിയിൽനിന്നു ആ പ്രകാരമുള്ള വേഗതയോടെ പുറപ്പെട്ടു താമസം വരാതെ ഒരുപോലെ സൂര്യനെ കൊള്ളുന്നു എങ്കിൽ ൨൫ വർഷത്തിന്നു മുമ്പിൽ എത്തുകയില്ലയായിരിക്കും — കാറ്റിന്റെ വേഗതയോടെ നിരന്തരമായി പറന്നാൽ ൧൦൦൦ വർഷത്തിൽ അധികം വേണ്ടി വരും — ഇത്ര ദൂരം നിമിത്തം സൂര്യൻ ൧ വിരൽ വണ്ണത്തിൽ അത്രേ തോന്നുന്നു എങ്കിലും അതിന്റെ വിസ്താരം ഭൂമിപ്രമാണമായ ഉണ്ടകൾ ൧൪ ലക്ഷവും ചേർത്തുവെച്ചാൽ അത്രേ ഒത്തുവരും — സൂര്യന്റെ വിസ്താരത്തിന്നു മറെറാരു ദൃഷ്ടാന്തം പറയുന്നു — ഭൂമിക്കും ചന്ദ്രന്നും തമ്മിലുള്ള ദൂരം ഏകദേശം ൯൫൦൦൦ കാതം — സൂര്യന്റെ അകത്തു ഒഴിവുണ്ടായാൽ ഭൂമിയെ അതിന്റെ നടുവിൽ വെച്ചു എങ്കിൽ ചന്ദ്രന്നു അതിന്റെ ചുറ്റിലും ഇപ്പോഴത്തെ പ്രകാരം സുഖേന സഞ്ചരിപ്പാൻ വേണ്ടുന്നതിൽ അധികം ഇടം ഉണ്ടായിരിക്കും — ഭൂമിയിൽനിന്നു ഇത്ര ദൂരസ്ഥനായി ആദിത്യൻ ഒരു രാപ്പകൽ ഇടയിൽ ഭൂമിയെ ചുറ്റിനടക്കുന്ന പ്രകാരം തോന്നുന്നതു ഒരു മായ അത്രേ — സൂര്യൻ നില്ക്കയുള്ളു — ഭൂമി തന്നെ താൻ ചുറ്റിനടക്കുന്നതുകൊണ്ടു ഉദയാസ്തമാനങ്ങളുടെ ഭേദം കാണുന്നുണ്ടു — എങ്കിലും സൂര്യന്നു കൂടെ സഞ്ചാരങ്ങൾ ഉണ്ടു — കുഴൽ കൊണ്ടു നോക്കിയാൽ സൂര്യബിംബത്തിൽ പല കറുത്ത [illegible] കാണുന്നുണ്ടു — അതു എന്തെന്നാൽ ഭൂമി ആകാശത്താൽ പൊതിഞ്ഞിരിക്കുന്ന പ്രകാരം സൂര്യന്നു വെളിച്ചമാകുന്ന ഒരു വസ്ത്രം ഉള്ളത് ചിലടത്തിൽ കീറിയതു പോലെ ആകുന്നു — അതിൽ സൂര്യന്റെ പുതപ്പു പ്രകാശമാകുന്നതല്ലാതെ അതിന്റെ തടി [illegible] ഉള്ളതു എന്നു

ഷെത്രദെശം സ്പഷ്ടമാക്കുന്നു- ഇതുവക കറകൾ പലതുമുണ്ടു കാതം വിസ്താരത്തി
ലും അതിൽ ചുരുക്കമായും ഉള്ള കുഴികളും മലകളും കണ്ടിരിക്കുന്നു- പലപ്പൊഴും നൊക്കി
യ ശെഷം കറകൾ സൂര്യബിംബത്തിൽ തന്നെ കിഴക്കോട്ടു ഒരു സ്ഥലമാറ്റം ഉ
ണ്ടെന്നും ൨൭ ദിവസം ചെന്നാൽ കറകൾ മുമ്പിലത്തെ ഇടത്തിൽ തിരികെ കാണ്മാ
നെന്നും കണ്ടുവന്നതിനാൽ സൂര്യനും ഭൂമി എന്ന പൊലെ തന്നെ തന്നാൽ ചുറ്റു
ന്നു എന്നറിഞ്ഞുവന്നു- അതിനാൽ ഉണ്ടാകുന്ന ഒരു സൂര്യദിവസം ൨൭ ഭൂദിവ
സങ്ങളൊടൊക്കും- പിന്നെ തങ്ങളെ തന്നെ ചുറ്റി നടക്കുന്ന ജ്യോതിസ്സുകൾക്കു
ം മറ്റൊന്നിനെയും കൂട ചുറ്റി സഞ്ചരിക്കുന്നു എന്നുള്ള വ്യവസ്ഥ ഉണ്ടു- അവ്വ
ണ്ണം സൂര്യനും ഒരു സ്ഥലത്തു ഉറച്ചിരിക്കുന്നതല്ല നിത്യം ഒരൊ ഒരൊ ഗ്രഹങ്ങളെ
യും മറ്റും തന്നെ ചുറ്റിച്ചു വലിച്ചു നമ്മെ ഒരു വണ്ടിയിൽ എന്ന പൊലെ കൂട്ടിക്കൊണ്ടു
പൊകുന്നു- എതൊരു നക്ഷത്ര സൂര്യനെ അതിനെ കടക്കുന്നു എന്നും ഗതി വെഗത
യും നിശ്ചയിച്ചു എന്നും ഇപ്പൊൾ തിട്ടമാക്കിപ്പാൻ പാടില്ല- കാൎത്തികനക്ഷത്രത്തിൽ
കൂടിയുള്ള വിശെഷ ജ്യോതിസ്സുകളിൽ ഒന്നു മദ്ധ്യസൂര്യനാകുന്നു എന്നു ഗണിത
ക്കാൎക്കു തൊന്നുന്നു- ആ സഞ്ചാരം കൊണ്ടു ഒരു സൂര്യസംവത്സരം തികഞ്ഞുവരുവാ
ൻ പലനൂറായിരത്താണ്ടു വെണ്ടിവരും എന്നു ഊഹിപ്പാൻ സംഗതി ഉണ്ടു- ആകയാ
ൽ എല്ലാറ്റിനെ വഹിക്കുന്നത് എന്ത്- ആ സൂര്യൻ പരിചാരകനായി ചുറ്റി എത്തിച്ചു ചു
റ്റുന്ന ഒരു ശ്രെഷ്ഠസൂര്യനും ഉണ്ടല്ലൊ- ഇതിന്നു ആകൎഷണശക്തി എത്ര എന്നി
ട്ടൊ എന്നും- എങ്കിലും ഇതു ദൈവമാഹാത്മ്യം അല്ല- ഈ സൎവ്വത്തിന്നും ആധാരമാ
യും തന്നെ നിരന്തരം പൊഷിക്കുന്നതു ആകാശം മാത്രം ആകുന്നു ഉത്തമ പ്രഭാവൈക
ളുകൊണ്ടും കുഴൽകൊണ്ടും ഗണിതം കൊണ്ടും അളക്കരയെണ്ടുന്നതു

കെരളപ്പഴമ

൧൮.. ഗാമ മലയാളത്തിൽ നിന്നു യുരൊപയിൽ മടങ്ങിപ്പൊയ പ്രകാരം-

പറങ്കികൾ മൂന്നു മാസത്തൊളം പാൎത്ത ശെഷം മക്കത്തു നിന്നു വലിയ കപ്പലുകൾ വരു
വാൻ കാലം അടുക്കുന്നു എന്നും കടല്പട ഉണ്ടാവാൻ സംഗതി ഉണ്ടെന്നും കെട്ടു
... വിലക്കൊണ്ടതിന്നു ...
കാട്ടുവാൻ ... മുതലായ തരങ്ങളെ എന്നും മറ്റും ...

പെടിച്ചപ്പൊൾ രാജാവ് വ്വഗരെ നിരസം കാട്ടി പല ദിവസം താമസിപ്പിച്ചു ചുങ്കം തീ
ൎന്നും ബന്തനം ഇവിടെക്ക കച്ചവടത്തിൽ ൬൦൦ വരാഹൻ തരെണം എന്നു കല്പിച്ചു
അന്നെരം ടെവിൽ പാൎപ്പിച്ചു മക്കക്കപ്പൽ വന്നാൽ ഉടനെ മാപ്പിള്ളമാരുടെ ഐശ്വൎയ്യ
കാൎയ്യം പറങ്കികളെ ഒടുക്കെണം എന്നു നിശ്ചയിക്കയും ചെയ്തു — ഗാമ ഭയം എല്ലാം മറെ
ച്ചു കപ്പൽ കാണ്മാൻ വരുന്ന നാട്ടുകാരെ നന്നാക്കി ബഹുമാനിച്ചു പാൎക്കുമ്പൊൾ — ഒരു ദിവ
സം നല്ല വെഷക്കാരാകിയ പ്രാഞ്ചി ആളുകൾ ചിലർ വന്നപ്പൊൾ ഇവർ ജാമ്യത്തിനു മതി
എന്നു വെച്ചു നങ്കൂരം എടുത്തു പായ്കെട്ടി കൂത്തി ഓടുവാൻ തുടങ്ങി — കൊഴിക്കൊട്ടുകാർ അ
തു കണ്ടപ്പൊൾ തൊണിക്കാരെ അയച്ചു രാജാവ് കാരെക്കളഞ്ഞു പറങ്കികളെ കപ്പലി
ൽ വിട്ടയക്കും എന്നു ബൊധിപ്പിച്ചാറെ അവരെക്കൂടാതെ ഇനി ഒരു തൊണിയും വരരുത്
വന്നാൽ വെടി ഉണ്ടാകും എന്നു പെടിപ്പിച്ചപ്പൊൾ ഞായറാഴ്ച ൨൭ — ഓഗസ്ത് മാസത്തിൽ
൧൪൯൮ — ൽ വെള്ളം വന്ന താമൂതിരിയുടെ എഴുത്തൊടും കൂട പറങ്കികളെയും കൊണ്ടു
വന്നു കയറി — കരെക്കളെ ചരക്കുകൾ കയറിയ തൊണികൾ കൊണ്ട് അവരെ റെയെറുമ
തങ്ങളയച്ചു — പിറ്റെ ദിവസം പൊൎത്തുഗാൽ ഭാഷ അറിയുന്ന കയാൽ ഒറ്റുകാരൻ എന്നു
ഗ്രഹിപ്പെട്ട ഒരു മുസല്മാനും വന്നു എന്റെ ദ്രവ്യം എല്ലാം രാജാവ് എടുത്തു മാപ്പിള്ളമാർ
പറങ്കിവാക്കും പറഞ്ഞിരിക്കുന്നു — അതുകൊണ്ടു ഇവരക്കെക്കരെ വരുവിത്താൻ ആരെ
പക്കിൽ പൊകാട്ടെ എന്നു ഗാമയൊടു പറഞ്ഞു പാൎത്തപ്പൊൾ ചില തൊണിക്കാർ വന്നു
ചരക്കുകൾ ഇതാ കൊണ്ടു വന്നിരിക്കുന്നു എന്നു കാണിച്ചിട്ടും ഗാമ നിങ്ങൾ വ്യാപാരിക്കാർ
അതിനിങ്ങളൊട്ടു ഒരു വാക്കും ഇല്ല എന്നു ചൊല്ലി വെടിവെച്ചു പെടിപ്പിച്ചു ൨൯ — കൊ
ഴിക്കൊട്ടൊടും കൂട വടക്കൊട്ട് ഓടി — നിങ്ങളുടെ രാജ്യക്കാരെ ഞാൻ മാനത്തൊടും
കൂടതിരിച്ചയക്കും കാൎയ്യം ഓടം ചെയ്വാൻ വെറെ പൊൎത്തുഗാൽ കപ്പൽ വെഗം വരുമ
ല്ലൊ എന്നു രാജാവിന്നു എഴുതി അവരിൽ ഒരുത്തരെ കപ്പൽ ചിലരെ വിട്ടയച്ചു
താൻ പൊകുന്നതിന്നിടയിൽ അഞ്ചുദ്വീപിൽ പൊകി കപ്പൽ നന്നാക്കിച്ചു ഗൊവയി
ൽ നിന്നു ഉള്ള കടല്ക്കള്ളന്മാരെ വെടിവെച്ചകറ്റി അവരിൽ ഒർ ഒറ്റുകാരനായ യഹൂ
ദനെ പല ഭാഷ വശമായി നിമിത്തം പാൎപ്പിച്ചു ഉപായം പറഞ്ഞൊട്ടു ഒടുക്കും ചെയ്തു — യാ
ത്രയിൽ വളരെ ക്ലേശിച്ചു ൧൪൯൯ — സെപ്തമ്പ്ര ൽ ശെഷിച്ചവരൊടു കൂട (നാല് മാസം)
പൊൎത്തുഗാൽ നഗരത്തിൽ എത്തുകയും ചെയ്തു —

F. Müller. Editor.

4.-

„Indische Zeitung." [illegible]

പശ്ചിമോദയം

നമ്പ്ര ഒന്നു — ഡെസെമ്പ്ര

൧ാം നമ്പ്ര — തലശ്ശെരി — ൧൮൪൭. ആമാണ്ടു

വെളിച്ചം പൂൎവ്വദിക്കിൽനിന്നു മാത്രമല്ല പശ്ചിമത്തിൽനിന്നും വരുന്നത ഇത്ര(?)

തന്നെ — ഈ കെരളം ദൈവവശാൽ ഇങ്ക്ലിഷ്കാൎക്ക അധീനമായി വന്നതിനാലൊ

നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറിൽനിന്നു ഇങ്ങൊട്ടു ക

വരുവാൻ ഒരു പാലം ഉണ്ടായിരിക്കുന്നു — ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും

കെ വിലാത്തിയിൽ നടക്കുന്നവ പലതും ഉണ്ടു — രണ്ടുവകെക്കും തമ്മിൽ വളരെ ഭെദം ഉ

താനും — പരമാത്മാ ജീവാത്മാക്കൾ തുടങ്ങിയുള്ള മൎമ്മൊപദെശങ്ങളെ ധ്യാനിച്ചു ഒരൊന്നു

റുണ്ടായി ദിവ്യശ്ലൊകങ്ങളെ ചമെച്ചു വിദ്വാന്മാരെ അതിശയിപ്പിക്കുന്നത ഹിന്തു ജ്ഞാ

ത്തിൽ മൎയ്യാദ തന്നെ — കാലദെശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു കുട്ടികളു

ഉപകാരത്തിന്നായി ഗദ്യമായി പറയുന്നത വിലാത്തി ജ്ഞാനത്തിന്റെ ലക്ഷണം

ഈ വക വായിപ്പാൻ ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തൊറും വിലാത്തി

ശാസ്ത്രങ്ങളിൽനിന്നു പറരുന്നത ഒരൊന്നു എടുത്തു ഇങ്കിരിസ്സിൽ കാണിച്ചമാതിരിയാ

മലയാളികൾക്ക തൊന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ള

ൎക്കു കൊടുക്കയും ചെയ്യും — വില ഒരു വൎഷത്തിന്നു അര രൂപ്പിക —

ജ്യൊതിഷവിദ്യ

എല്ലാ ശാസ്ത്രങ്ങളിലും നമ്മുടെ കാൎയ്യജ്ഞാനങ്ങളിലും പ്രധാനമാകുന്നത എന്നു ഈ രാജ്യക്കാര

പലരും പറയുന്നു — ജ്യൊതിസ്സ എന്നത വെളിച്ചം തന്നെ — ജ്യൊതിഷമൊ കണ്ണാലെ കാണ

ഗ്രഹങ്ങൾ മുതലായ വാനമീനുകളുടെ അറിവാകുന്നു — അതല്ലാതെ

സൎവ്വലാവണ്യം നല്കും താരകാധിപൻ നൂനം

സൎവ്വശൊകങ്ങളെയും കളയും ദിനാധിപൻ

എന്നൊരു പാട്ടിൽ കെൾക്കുന്നതു പൊലെ പണ്ടു പല രാജ്യക്കാരും ഒരൊ ഗ്രഹങ്ങൾ ദൊഷ

ങ്ങൾ മനുഷ്യൎക്ക വരുന്നത നക്ഷത്രങ്ങളുടെ കടാക്ഷബലത്താൽ തന്നെ എന്നു നിരൂപിച്ചു